
# ബൈബിൾ ദൂത്



# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to,

Editor
THE BIBLE TEACHER
C-22 N. D. S. E. 2
New Delhi-110049

# ബൈബിൾ ട്രൂത്ത്

**Editors**

P. K. VARGHESE  J. C. CHOATE

***  ***  ***

**Published by church of christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol 4  May 1990  No. 2





രാജ്യം രാജ്യത്തോട് ഏററു മുട്ടുവാൻ വെമ്പൽ കൊള്ളുന്നു. മനുഷ്യർക്കിടയിൽ സംഘർഷങ്ങൾ പെരുകി വരുന്നു; അപകടങ്ങൾ വർദ്ധിച്ചു വരുന്നു. ഇതെല്ലാം ജനപ്പെരുപ്പത്തിന്റെ ഫലമാണെന്ന് ലൗകികക്കാർ പറയുമായിരിക്കും. എന്നാൽ ഇതെല്ലാം സംഭവിക്കേണ്ടതു തന്നെ. ലോകം അതിന്റെ അന്ത്യത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. 2000 ആണ്ട് തികയുകയില്ല എന്ന ഒരു അബദ്ധ ധാരണ പരന്നിട്ടുണ്ട്. അതൊരിക്കലും മനുഷ്യന്റെ കണക്കു കൂട്ടൽ അനുസരിച്ചായിരിക്കുകയില്ല. എല്ലാം ദൈവത്തിന്റെ നിശ്ചിത കാലയളവിൽ സംഭവിക്കുമെന്നു മാത്രം കരുതിയാൽ മതി. ഈ കാലം ദുഷ്ക്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾക. ബുദ്ധിഹീനരാകാതെ പ്രവർത്തിക്കുക. താൽക്കാലികവും ഭൗതികവുമായ യാതൊന്നിനുവേണ്ടിയും നിങ്ങൾ പോരാടരുത്. മറിച്ച് നിത്യവും ആത്മീകവുമായതിനുവേണ്ടി പ്രവർത്തിക്കുക. നിങ്ങളുടെ രക്ഷ ഉറപ്പുവരുത്തുക. നിങ്ങളുടെ ചിന്തകൾ, നിരൂപണങ്ങൾ എന്നിവ പരിജ്ഞാന പ്രകാരമായിരിക്കട്ടെ. നാം സമീപിക്കുന്തോറും വിവേചനാ ശക്തി ശരിയായി ഉപയോഗിക്കുക.

പികെ വർഗീസ്

# സഭയും രാഷ്ട്രീയവും

## ജെ. സി. ചോട്ട്

ചില മതസംഘടനകൾ ആത്മീയമായ കാര്യങ്ങളിൽ മാത്രമല്ല; രാഷ്ട്രീയകാര്യങ്ങളിലും അവർ ബന്ധപ്പെട്ടുകൊണ്ടിരിക്കും. അസംഖ്യം ആളുകളെ പ്രതിനിധാനം ചെയ്യുന്നവരാകയാൽ അവർക്കു ഗവൺമെൻറിനെ സ്വാധീനിക്കാനും കഴിവുണ്ട്. തങ്ങൾക്കു അനുഭാവമുള്ള പ്രത്യേക വ്യക്തികൾക്കോ പാർട്ടികൾക്കോ വോട്ടു ചെയ്യുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നവരുണ്ട്. പിന്നീട് ഈ പ്രതിനിധികൾക്ക് തിരഞ്ഞെടുക്കപ്പെടുന്നവരിൽ സമ്മർദ്ദം ചെലുത്തുവാനും സാധിക്കുന്നു. ചില രാജ്യങ്ങളിൽ ദേശീയ മതമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഗവൺമെൻറ് നയങ്ങൾ മതത്തിൽ കുത്തിവെയ്ക്കുന്നു. ആരാധനാ സ്ഥലങ്ങൾ എല്ലാമേ അഥവാ ഭൂരിഭാഗമോ ഭരണകൂടത്തിൻെറ നിയന്ത്രണത്തിൽ കൊണ്ടുവരുന്നു. അവയിലുള്ള ഉപദേഷ്ടാക്കന്മാർക്കോ പുരോഹിതന്മാർക്കോ ശമ്പളംകൊടുക്കുന്നതു ഗവൺമെൻറായിരിക്കും. മതപരമായ മേഖലകളിൽ അനുവദനീയവും അല്ലാത്തതുമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതുപോലും ഭരണചക്രം തിരിക്കുന്നവരായിരിക്കും. അവർ മതപരമായ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുകയോ പൂർണ്ണമായി നിരോധിക്കുകയോ ചെയ്തേക്കാം. അവരുടെ മഹത്വം മതത്തിൽ ശുശ്രൂഷിക്കപ്പെടുമ്പോൾ അവർക്കുവേണ്ടി മതത്തെ ഉപയോഗിക്കുന്നു എന്ന നിലയിലേക്കു താഴുന്നു.

ക്രിസ്തുമതത്തിലെ പൂർവ്വസിദ്ധാന്തം ഇതിനുനേരെ മറിച്ചായിരുന്നു. ബൈബിളിൽ ഇന്നു കാണപ്പെടുന്ന ക്രിസ്ത്യാനിത്വത്തിൻെറ രീതി നിരീക്ഷിക്കുമ്പോൾ അതു നിങ്ങൾക്കു ബോധ്യമാകും. യെഹൂദന്മാരുടെ രാജാവായിതീരുവാൻ വരുന്നവൻ എന്ന് ക്രിസ്തുവിന്നെ കുററം ആരോപിച്ചിട്ടുണ്ട്. ഭൗതികമായ ഇസ്രായേൽ രാജ്യം പുനഃസ്ഥാപിക്കുവാൻ ആണ് യേശു വന്നതെന്ന് അപ്പൊസ്തലന്മാർ പോലും വിചാരിച്ചിരുന്നു (മത്തായി 2:2; പ്രവൃത്തി 1:6). അവനെ ക്രൂശിൽ തറെച്ചശേഷം അവൻെറ തലക്കുമുകളിൽ ഇവൻ യെഹൂദന്മാരുടെ രാജാവ് എന്ന മേലെഴുത്തും വെക്കുകയുണ്ടായി (മത്തായി 27:37) തീർച്ചയായും ഒരു ഭൗതിക രാജാവാ

കുവാനല്ല യേശുവന്നത്. പക്ഷേ സഭയാകുന്ന രാജ്യം സ്ഥാപിക്കുന്നതിന് അഥവാ പണിയുന്നതിനുവേണ്ടി അവൻ വന്നു. ആ സഭയുടെ ആത്മീയ തല അല്ലെങ്കിൽ രാജാവ് ക്രിസ്തു തന്നെയാണ് (മത്തായി 16:18; 1 തിമൊ. 6:15).

കർത്താവിന്റെ സഭ ആത്മീയ രാജ്യമായിട്ടാണ് പറയപ്പെട്ടിരിക്കുന്നതു. അതിന് ഒരു രാജാവും രാജ്യവും, പ്രജകളും, ഭരണവും ഉണ്ട്. ക്രിസ്തുവാണ് അതിന്റെ രാജാവ്. ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികളാണ്, പ്രജകൾ. പുതിയ നിയമമാണ് അതിന്റെ ചട്ടങ്ങൾ (വെളിപ്പാട്, 19:16: മത്തായി 28:19; യാക്കോബ് 1:25). ആ രാജ്യത്തിലെ പൗരന്മാർ ക്രിസ്തുവിന്റെ വചനം അനുസരിച്ചവരാകയാൽ അവന്റെ നാമം ധരിക്കുന്നു (എബ്രായർ 5:8,9; പ്രവൃത്തി 11:26).

നമ്മുടെ കർത്താവിന്റെ സഭ ഒരു രാഷ്ട്രീയ സംഘടനയല്ല. ആകയാൽ അതു രാഷ്ട്രീയത്തിൽ ഇടപെടുന്നുമില്ല. അതു രാഷ്ട്രീയപാർട്ടികളെ രൂപീകരിക്കുന്നില്ല. രാഷ്ട്രീയ സംഘടനകളിലെ അംഗങ്ങൾക്കുവേണ്ടി സംസാരിക്കുവാൻ പറഞ്ഞിട്ടില്ല. സഭ, രാഷ്ട്രീയ പ്രസ്താവനകൾ ഇറക്കുകയോ ഏതെങ്കിലും ഒരു പ്രത്യേക പാർട്ടിയെ അനുകൂലിക്കുവാൻ പറയുകയോ ചെയ്യുന്നില്ല. രാഷ്ട്രീയത്തിൽ പോകുന്നതിനല്ല അതിലെ അംഗങ്ങളോടുള്ള ആഹ്വാനം. രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെല്ലാം നിരവധി പരീക്ഷണങ്ങൾ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു. അതിനോടുബന്ധപ്പെട്ടു കഴിയുന്ന ശക്തി ഏതുതന്നെയായാലും ഇതു വാസ്തവമാണ്. തനിക്കു വോട്ടു നൽകിയ ജനത്തിനുവേണ്ടി ചിലതുചെയ്യുവാൻ ഈ തിരഞ്ഞെടുക്കപ്പെട്ട വ്യക്തി നിർബ്ബന്ധിതനായിതീരുന്നു. ചിലപ്പോൾ കൈക്കൂലി കൊടുക്കുകയും വാങ്ങുകയും ചെയ്യുകയോ അതിനു കൂട്ടുനില്ക്കുകയോ ചെയ്യേണ്ടിവരുമ്പോഴാണ് അമളി പറ്റിയെന്ന് മനസിലാകുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ അവരുടെ ഔദ്യോഗിക സ്ഥാനം അവർക്കു ദുരുപയോഗപ്പെടുത്തുവാൻ എല്ലാവിധ പ്രലോഭനങ്ങളും ഉണ്ടാകും. അതുകൊണ്ട് ഇതുപോലെയുള്ള നിയമരഹിതമായ കാര്യങ്ങളിൽ വ്യാപൃതരായി മാറേണ്ടി വരുമെന്നുള്ളതിനാൽ ആത്മാർത്ഥരായ ക്രിസ്ത്യാനികൾ രാഷ്ട്രീയമായി പ്രവർത്തിക്കുന്നില്ല. അവിശ്വസ്തവും അധാർമ്മികവുമായ ഇത്തരം പ്രവൃത്തികൾ ദൈവം തന്റെ ജനത്തിൽ നിന്നും പ്രതീക്ഷിക്കുന്നില്ല എന്നതും കാരണമാണ്.

ഈ മത വിഭാഗങ്ങളിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരും ഉൾപ്പെട്ടിട്ടുണ്ട്, അവർ രാഷ്ട്രീയത്തിൽ കടന്നു അവരുടെ നിലനിൽപ്പിന് വേണ്ടി ആയുധങ്ങൾ വരെ ശേഖരിച്ച് പോരാടുന്നവരാണ്. ക്രിസ്ത്യാനിത്വത്തെ പവിത്രമാക്കി സൂക്ഷിക്കുവാൻ ആണ്

കർത്താവ് പറഞ്ഞിട്ടുള്ളത്. ഭൗതികമായ ശക്തിയുപയോഗിച്ച് നിലനിർത്തുന്നതേതും ഭൗതികമേ ആകുന്നുള്ളൂ. ക്രിസ്തുവും തന്റെ അനുയായികളും യുദ്ധത്തേയോ ആക്രമണത്തേയോ ഒരിക്കലും അനുകൂലിക്കുകയില്ല. പകരം, സ്നേഹത്തിനും സമാധാനത്തിനും വേണ്ടി നിലകൊള്ളുന്ന ആളുകളായിരിക്കണം.

സഭ, സാർവ്വദേശിയമാകയാൽ അതു ലോകത്തിൽ എല്ലായിടത്തും വ്യാപിച്ച് ഇരിക്കുന്നു. എന്നാൽ അതിന് ലോകമെങ്ങുമുള്ള ഒരു സംഘടനയില്ല. മാത്രമല്ല ഒരു അന്തർദ്ദേശീയ തലസ്ഥാനവും ഇല്ല. ഒരു ദേശത്ത് മുഴുവൻ കർത്താവിന്റെ സഭ നിലനിൽക്കുന്നുവെങ്കിലും അവയ്ക്കൊന്നും ഒരു ദേശീയ സംഘടനയുമില്ല. രാജ്യത്തിനകത്തും ഒരു ഭൗതിക തലയോ തലസ്ഥാനമോ ഇല്ല. അതിനുപകരം ക്രിസ്തുവിന്റെ സഭ എന്നതു ലോകത്തിൽ എല്ലായിടത്തുമുള്ള ലക്ഷക്കണക്കിനു ഇടവകകളും ഉൾപ്പെടുന്നതാണ്. അവ ഓരോന്നും സ്വയം ഭരണാവകാശം ഉള്ളതാണ്. അവയ്ക്കു തമ്മിൽ തമ്മിൽ സഹകരണവും കൂട്ടായ്മയും ഉണ്ട്. എന്നാൽ ഒരു ഇടവക മററുള്ളവയിൽ നിയന്ത്രണം ഏർപ്പെടുത്താവതല്ല. അവയെ ആജ്ഞാപിക്കാവുന്നതല്ല എന്നർത്ഥം. ഓരോ ഇടവകയിലും ഉള്ളവർ അനേക അംഗങ്ങൾ ആണ് അവർ ക്രിസ്തുവിനെ അനുസരിച്ച് രക്ഷ പ്രാപിച്ചവരും കർത്താവിനാൽ സഭയോടു ചേർക്കപ്പെടുകയും ചെയ്തവരാണ് (റോമർ. 16:16; മർക്കോസ് 16:16; പ്രവൃത്തി 2:47).

ഓരോ ഇടവകയിലും അതിന്റേതായ അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും നായകത്വം നടത്തേണ്ടതിന് ഉണ്ടാകണം. പക്ഷേ നിക്ഷിപ്ത ഗുണഗണങ്ങൾ ഉള്ള രണ്ടിലധികം പേർ ഉണ്ടായിരിക്കയും വേണം (1 തിമൊഥെയോസ് 3; തീത്തൊസ് 1). ഉദാഹരണമായി ഏതെങ്കിലും ഒരു ഇടവകയിൽ രണ്ടിലധികം മൂപ്പന്മാരോ ശുശ്രൂഷകന്മാരോ യോഗ്യതയുള്ളവരായി ഇല്ലെങ്കിൽ അങ്ങനെയുള്ളവർ ഉണ്ടാകുന്നതുവരെ മററു യോഗ്യതകളുള്ളവർ നയിക്കണം. കൂടാതെ ഓരോ ഇടവകയിലും തനതായ ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഉണ്ട്. ആരാധന നിർവ്വഹിക്കുക, പ്രവർത്തന പരിപാടികൾ നിശ്ചയിക്കുക, കഴിയുമെങ്കിൽ ആ ഇടവകയുടെ നിലനിൽപ്പിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ എല്ലാവരാലും ചേർന്ന് ചെയ്യുക ഇതെല്ലാം ഓരോ ഇടവകയുടെയും കർത്തവ്യങ്ങളാണ്. എല്ലാററിലും ഉപരിയായി ക്രിസ്തു ഓരോ ഇടവകയുടേയും തലയായിട്ടുണ്ട് എന്നത് പ്രസ്താവ്യമത്രേ (കൊലൊസ്യർ 1:18; എഫേസ്യർ 5:23). ഓരോന്നിനേയും നിയന്ത്രിക്കുവാനും നയിക്കുവാനുമായി ഒരു മാർഗ്ഗ രേഖയുമുണ്ട്. അതു പൂർ

(ശേഷം 27-ാം പേജിൽ)

# പാപത്തിന്റെ ശിക്ഷ-മരണം

## അമി കൊയിലിയോ

പ്രപഞ്ചം എത്ര സുന്ദരം. അതിലെ വസ്തുക്കൾ എത്ര മനോഹരം. ഇതെല്ലാം വെറുതെ അനുഭവിക്കുവാൻ എന്നെ അനുവദിച്ച ഇതിന്റെ ഉടയവൻ എത്ര ദയാലു? അതിനെ കുറിച്ച് ചിന്തിക്കാതെ എല്ലാം യാദൃശ്ചികമെന്ന് കരുതി ചവച്ചരച്ചു വിഴുങ്ങുന്ന ഞാൻ ആര്? ആകസ്മിക സംഭവ വികാസങ്ങൾ എന്നെ വീർപ്പുമുട്ടിക്കാറുണ്ട്. അതിന്റെ കാരണം കണ്ടുപിടിക്കാൻ ശ്രമിക്കാറില്ല. എന്റെ ഹൃദയം എത്ര കഠിനം?

മദ്യപാനികളായ രണ്ടു വ്യക്തികൾ തങ്ങളുടെ കപ്പൽ യാത്രയിൽ ഒരു ആപൽഘട്ടത്തെ നേരിടേണ്ടിവന്നു. ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ് കപ്പലിനെ മുക്കുമെന്ന ഭീതി അവരെ ദൈവത്തോട് പ്രാർത്ഥിക്കുന്നതിന് ഇടയാക്കി. പക്ഷേ കടൽ ശാന്തമായപ്പോൾ അവരുടെ മനസ്സും മാറി. വീണ്ടും മദ്യത്തിലേക്കു തിരിഞ്ഞു. സാഹചര്യമോ പ്രശ്നമോ നിമിത്തം പാപത്തിന് അടിമയായി മാറുന്ന എത്രയോ പേരുണ്ട്. എന്നാൽ അതിൽ നിന്നു മോചനമില്ലെന്നുണ്ടോ? തീർച്ചയായും വിട്ടുമാറുവാൻ വഴിയുണ്ട്. അതു കണ്ടെത്തുവാനുള്ള ശ്രമത്തിൽ തടസങ്ങൾ വളരെയുണ്ടാകാം. പക്ഷേ ധൈര്യം ആർജ്ജിച്ചെടുക്കുവാൻ പറ്റിയ പ്രതിവിധിയും ശക്തിയുള്ള വ്യക്തി കൂട്ടിനും ഉണ്ടെങ്കിലോ ഭയമെന്തിന്?

ലോകം വിശാലമാണ്. അതിൽ അധിവസിക്കുന്ന മനുഷ്യരെല്ലാം അവരെ ഉണ്ടാക്കിയ വ്യക്തിയെ പലപ്പോഴും മറക്കുകയാണ്. അപകടങ്ങളോ ദുർഘട നിമിഷങ്ങളോ നേരിടുമ്പോൾ മാത്രം നാം ദൈവത്തെ ആശ്രയിച്ചാൽ പോരാ. എക്കാലവും ഏതു സാഹചര്യത്തിലും നാം ദൈവത്തെ മനസിലാക്കി വേണം പിൻ പറ്റുവാൻ. അറിവില്ലാതെ വിശ്വസിക്കുകയോ അനുസരിക്കുകയോ ചെയ്യുന്നതെന്തും ശരിയാകണമെന്നില്ല. സമുദായങ്ങളോ മത വിഭാഗങ്ങളോ ശരിയായ അറിവോടു കൂടിയല്ല തങ്ങളുടെ ഭക്തി കൊണ്ടുപോ

കുന്നത്. ബൈബിൾ ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നു.

ഒരിക്കൽ ഞാൻ അറിവില്ലാതെ കത്തോലിക്കനായി ജീവിച്ചു. അറിവില്ലാതെ എന്ന് ഞാൻ ഉദ്ദേശിച്ചത് ദൈവിക അറിവാണ്. എന്നാൽ ആത്മാവിന്റെ രക്ഷക്കു വേണ്ടി എന്തു ചെയ്യണം? യഥാർത്ഥ ക്രിസ്ത്യാനിയായി തീരുന്നതെങ്ങനെ എന്ന് തിരുവചനത്തിലൂടെ എനിക്ക് അറിയുവാൻ സാധിച്ചത് ക്രിസ്തുവിന്റെ സഭയുടെ ഒരു മീററിങ്ങിന് പങ്കെടുത്തതിലൂടെയാണ് എല്ലാ നാമധേയ വിഭാഗങ്ങളും മീററിങ്ങുകൾ നടത്തുന്നുണ്ട്. അവരെല്ലാം സുവിശേഷമല്ലേ പ്രസംഗിക്കുന്നതു് എന്നു ചോദിച്ചേക്കാം. എന്നാൽ എടുത്തുപറയേണ്ട വ്യത്യാസം, മററാരും തുറന്ന് സത്യം പ്രസ്താവിക്കുന്നില്ല എന്ന് ഉറപ്പിച്ചു തന്നെ പറയാം. പുതിയ നിയമത്തിൽ കർത്താവു കല്പിച്ച ഉപദേശ രൂപം പൂർണ്ണമായി അനുസരിച്ച് സ്നാനമേൽക്കുവാൻ എനിക്കു കഴിഞ്ഞു. അങ്ങനെ ഞാൻ കർത്താവിന്റെ സഭയിൽ വളർന്നുകൊണ്ടിരിക്കുന്നു. വീട്ടിലും സമൂഹത്തിലും അതുകൊണ്ട് എന്നെ വെറുക്കുന്നവരുണ്ട്. പക്ഷേ എന്നെ സ്നേഹിക്കുന്ന ദൈവം ഒരിക്കലും വെറുക്കുവാൻ ഇടയാകരുത് എന്നെനിക്കു നിർബ്ബന്ധമുണ്ട്.

സ്നാനമേററ ശേഷം ഞാൻ സഭായോഗം മുടക്കുകയും വീണ്ടും പിൻമാറി പോകുകയും ചെയ്തു. എന്നാൽ വലിയൊരു വാഹനാപകടത്തിൽപെട്ട് എന്റെ ഒരു കാലും ഒരു കൈയ്യും ഒടിഞ്ഞു. ആസ്പത്രികൾ വളരെയധികം കയറിയിറങ്ങി. എന്നെ ചികിൽസിച്ച ഡോക്ടർമാർ ധാരാളം. ദൈവഭയത്തോടെ ദൈവത്തെ അനുസരിച്ച് ഞാൻ ജീവിച്ചിരുന്നെങ്കിൽ ആ ആപത്തിൽ നിന്നു് ദൈവം എന്നെ വിടുവിക്കുമായിരുന്നു എന്നെനിക്ക് ഉറപ്പുണ്ട്. എങ്കിലും എന്റെ ജീവിതത്തിൽ അതൊരു ബാലശിക്ഷയായി ഞാൻ കാണുന്നു. മേലിൽ ഞാൻ പിൻമാറി പോകാതിരിക്കാൻ ദൈവത്തോടു ഞാൻ നിരന്തരം പ്രാർത്ഥിക്കുന്നു. ദൈവം ഇന്നെന്നെ നടക്കുമാറാക്കി; കൈക്കു ശക്തി നൽകി. നോക്കൂ: നമ്മുടെ ദൈവം എത്ര കരുണാസമ്പന്നൻ?

തെററു ചെയ്യുന്ന വ്യക്തി എന്നായാലും അതിനു തക്കശിക്ഷ അനുഭവിച്ചേ തീരൂ. പാപത്തിന്റെ ശമ്പളം മരണമാണ്. ഈ ലോകത്ത് വേദനയും യാതനയും അനുഭവിക്കുന്ന എത്രയോ ആളുകളുണ്ട്. അവർക്കുള്ള കാരണമാണ് അവരുടെ ജീവിതത്തിൽ കടന്നുകൂടിയ പാപങ്ങൾ. സമാധാനം ഇല്ലാതാക്കുന്ന ഈ മഹാ വ്യാധി ദുരന്തങ്ങൾ സൃഷ്ടിക്കുന്നു. അതിൽ നിന്നു രക്ഷപ്പെടാം. എന്നെ ദൈവം കരകയററി നിങ്ങളേയും അവൻ മോചിപ്പിക്കും. നിങ്ങളു

ടെ മനസ്. ജീവനുള്ള ദൈവത്തിങ്കലേക്കു തിരിക്കുക. ഒന്നിനേയും ഭയക്കരുത്, സംശയിക്കരുത്.

ദൈവത്തിന്റെ വിളിയും തിരഞ്ഞെടുപ്പും ഉറപ്പുവരുത്തുക. കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ പറഞ്ഞു, അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം, (മത്തായി 11:28). ഞാൻ കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നതുകൊണ്ട് എന്റെ ഉള്ളിൽ ആശ്വാസമുണ്ട്. ഇതു മററാർക്കും തരുവാൻ കഴിയുകയില്ല, ദൈവത്തിനുമാത്രം.

നിങ്ങൾ ക്രിസ്തുവിനെ പിൻപററുക. അവന്റെ വചനങ്ങളിൽ മാത്രം വിശ്വസിക്കുക. പാപങ്ങൾ നിങ്ങളിൽ നിന്നു നീങ്ങപ്പെടണം. ഇന്നുവരെയുണ്ടായിരുന്ന നിങ്ങളുടെ ചിന്തകൾ നിരൂപണങ്ങൾ പ്രവർത്തനശൈലി, ആത്മിക സ്വഭാവം എന്നിവ ഒരുപക്ഷേ ദൈവഹിതത്തിനു എതിരായിരുന്നുവെങ്കിൽ അതിൽ നിന്നും തിരിയുക ആവശ്യമാണ്. കാരണം നാം മനസ്സുപുതുക്കി രൂപാന്തരപ്പെട്ടില്ലെങ്കിൽ ദൈവം നമ്മെ ശിക്ഷിക്കും. എനിക്കുണ്ടായ മരണകരമായ വേദന നിങ്ങൾക്കുണ്ടാകരുത്. ഭൗതികമായ മുറിവ് ഇത്രമാത്രം വേദനയുണ്ടാക്കുന്നതാണെങ്കിൽ ആത്മീയയാതന എത്രമാത്രം എന്ന് ചിന്തിക്കൂ. അവൻ നിങ്ങളുടെ ഹൃദയവാതിലിൽ തട്ടുന്നു. തുറന്നുകൊടുക്കുക; നിങ്ങളോടുകൂടെ ഭക്ഷണംകഴിപ്പാൻ, നിങ്ങളോടുകൂടെ വാസം ചെയ്യുവാൻ അവനെ നിങ്ങൾ അനുവദിക്കുമോ? നമ്മുടെ രക്ഷകനും ദൈവത്തിന്റെ പുത്രനുമായ ക്രിസ്തു കർത്താവും കൂടെയാണ്. ഇതു നാം സമൂഹമദ്ധ്യേ പ്രഖ്യാപിക്കുവാൻ ലജ്ജിക്കരുത്. അങ്ങനെചെയ്താൽ നമ്മെ കുറിച്ച് അവനും ലജ്ജിക്കും. നിങ്ങളിലുള്ള പാപക്കറകൾ പൂർണ്ണമായി കഴുകപ്പെടുവാൻ നിങ്ങളെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുക. പാപസംബന്ധമായ നിങ്ങളുടെ ശരീരത്തെ മരിപ്പിക്കുക. അതു വെള്ളത്തിൽ അടക്കം ചെയ്യുക. സ്നാനമേററു വെള്ളത്തിൽ നിന്നും കയറിവരുന്ന വ്യക്തി ഒരുപുതിയ സൃഷ്ടിയായിതീരുന്ന വചനാടിസ്ഥാനത്തിൽ വേണം ഇതെല്ലാം ചെയ്യുവാൻ. മനുഷ്യരുടേയോ സമുദായ പാരമ്പര്യത്തിന്റേയോ മറവിൽ ഇതെല്ലാം വളച്ചും തിരിച്ചും നിരർത്ഥകമായി ചെയ്യുന്നവരുണ്ട്. നിങ്ങൾ ആ ചതിയിൽ അകപ്പെടരുത്. കടന്നുവരുക: ദൈവവചനം ആത്മാർത്ഥമായി പഠിക്കുക, അനുസരിക്കുക, നിത്യജീവൻ ദൈവം തരും.

ശരിയായ അടിസ്ഥാനമിട്ടു വീടുപണിയുന്നവൻ ബുദ്ധിയുള്ളവനാണെന്ന് കർത്താവ് പഠിപ്പിച്ചു. കാരണം അവന്റെ പണി

(ശേഷം 23–ാം പേജിൽ)

# മോക്ഷമാർഗ്ഗം

## എം. കെ. കുര്യൻ, കഡാബാ

സുവിശേഷത്തെക്കുറിച്ച് കേട്ടിട്ടില്ലാത്തവർ ഈ ഇരുപതാം നൂറ്റാണ്ടിൽ ലോകത്തിൽ വളരെ ചുരുക്കമാണ്. കാരണം, ലഘുലേഖകൾ, മാസികകൾ മുതലായവ മുഖേനയും, ഉപദേഷ്ടാക്കൾ മുഖേനയും റേഡിയോ പ്രക്ഷേപണങ്ങളിൽ കൂടിയും സുവിശേഷം ഇന്ന് ലോകമെങ്ങും, പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും സത്യ സുവിശേഷം പൂർണ്ണമായി ഘോഷിക്കപ്പെടുന്നില്ല എന്നുള്ള വസ്തുത ഖേദകരമാണ്.

കാരണം, സുവിശേഷകരിൽ ഭൂരിഭാഗവും വിവിധ സമുദായ സംഘടനകളായി പിരിഞ്ഞു, പല വിധത്തിലുള്ള നാമങ്ങളും സ്വീകരിച്ച് പരസ്പരം സ്നേഹം ഇല്ലാതെ, അവരവരുടേതായ വിശ്വാസങ്ങളെ മാത്രം ആധാരമാക്കി, പ്രസംഗങ്ങൾ നടത്തുന്നതിനാൽ സത്യസുവിശേഷത്താൽ മനുഷ്യർക്ക് വേണ്ടിയുള്ള ദൈവീക ഉദ്ദേശത്തെ മനസ്സിലാക്കുന്നതിൽ അധികം പേരും പരാജയപ്പെട്ടു പോകുന്നു. ഇതിന്റെ ഫലമായി ഇന്നത്തെ ക്രിസ്തീയ ലോകത്തിൽ ഗുരുതരമായ അനർത്ഥങ്ങൾ നടമാടിക്കൊണ്ടിരിക്കുന്നു. ഇന്ന് ലോകത്തിലാകമാനം വിവിധ നാമങ്ങളാൽ ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന ഏകദേശം 700 സമുദായ വിഭാഗങ്ങൾ ഉണ്ടെന്ന് പറയപ്പെടുന്നത് ഇതിന് ഒരുത്തമ ദൃഷ്ടാന്തമാണ്. എങ്കിലും സത്യ സുവിശേഷത്തെ അതിന്റേതായ ഉദ്ദേശത്തിലും, പൂർണ്ണതയിലും കേൾപ്പിക്കുന്നവർ ഈ കാലയളവിൽ ചുരുക്കമായിട്ടെങ്കിലും ഉണ്ടെന്നുള്ള സത്യം വളരെ ആശ്വാസപ്രദമാണ്.

എന്നാൽ സ്വാർത്ഥതയാലും, അജ്ഞതയാലും ഉണ്ടാകുന്ന അന്ധവിശ്വാസങ്ങളിൽ കൂടിയുള്ള വ്യക്തിപരമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ; മനുഷ്യർ സ്വയം വഞ്ചിതരായിരിക്കയാണ്. ചില സമുദായങ്ങൾ പുണ്യവാന്മാരുടെയും, പുണ്യവതിമാരുടെയും മദ്ധ്യസ്ഥതയിൽ കൂടി ഉദ്ദിഷ്ടകാര്യ സാദ്ധ്യതകളുടെയും, അത്ഭുത രോഗശാന്തികളുടെയും, അനുഭവങ്ങൾ വിവരിക്കുന്നത് കേട്ടിട്ടുണ്ട്. ചില സംഘടനകൾ രക്ഷിക്കപ്പെട്ടശേഷം

കാത്തിരുന്നാൽ പരിശുദ്ധാത്മ സ്നാനം ലഭിക്കുമെന്നും, അവയാൽ അന്യഭാഷ, പ്രവചനം, അത്ഭുതരോഗശാന്തി, മററ് വീര്യപ്രവൃത്തികൾ തുടങ്ങിയ വരങ്ങൾ ലഭിച്ചിട്ടുള്ളതുമായ അനുഭവങ്ങൾ വിവരിക്കുന്നതും കേൾക്കാം.

കൂടാതെ ഹിന്ദു, മുസ്ലീം, മുതലായ അന്യമതസ്ഥരും ഇതേ പ്രകാരം തന്നെ അവരുടെ വിശ്വാസാനുസരണം ഓരോരോ അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതായും അവകാശപ്പെടുന്നുണ്ട്.

എന്തിന് പറയുന്നു, ചില ആത്മാർത്ഥതയുള്ളവർ ഇതെല്ലാം കേൾക്കുമ്പോൾ, സ്വർഗ്ഗം അഥവാ മോക്ഷം ലഭിക്കണമെങ്കിൽ എല്ലാ ജാതി മതങ്ങളിൽ കൂടിയും, എല്ലാ സമുദായ വിഭാഗങ്ങളിൽ കൂടിയും കടന്നു പോയെങ്കിൽ മാത്രമേ സാധിക്കുകയുള്ളല്ലോ എന്ന് സംശയിച്ചുപോകുന്നു.

എന്നാൽ സത്യസുവിശേഷം നാം മനസ്സിലാക്കുമ്പോൾ അതിന്റെ വെളിച്ചത്തിൽ മുൻവിവരിച്ച അനുഭവങ്ങളെല്ലാം തന്നെ സുവിശേഷപ്രകാരമുള്ള ദൈവീക ഉദ്ദേശത്തെ നീതീകരിക്കുവാൻ പര്യാപ്തമല്ല എന്ന് മനസ്സിലാക്കാം. സുവിശേഷത്തെ കുറിച്ച് പറയുന്നത് വിശ്വസിക്കുന്ന ഏവനും, ആദ്യംയെഹൂദനും, പിന്നെയവനനും, അത് രക്ഷയ്ക്കായി ദൈവശക്തി ആകുന്നുവല്ലോ" (റോമർ. 1: 16)എന്നാണ്.

എന്നു തന്നെയുമല്ല ദൈവത്തിൽ നിന്നും നമ്മെ തെററിക്കുവാനായി കള്ള ക്രിസ്തുക്കളും കള്ള പ്രവാചകന്മാരും മററ് ദുരുപദേഷ്ടാക്കന്മാരും കൊണ്ടുവരുന്ന പൈശാചിക തന്ത്രങ്ങളാണ് മുൻപറഞ്ഞ അനുഭവങ്ങളെന്ന് സത്യ സുവിശേഷം അനേകം ദൃഷ്ടാന്തങ്ങളാൽ നമുക്ക് മുന്നറിയിപ്പും നൽകിയിരിക്കുന്നു.
മത്തായി. 24:24,25)

ആദിമ നൂററാണ്ടിൽ നടന്ന പരിശുദ്ധാത്മ സ്നാനവും തുടർന്നുള്ള മററ് ആത്മീയ വരങ്ങളും ഇന്നും ലഭ്യമാണെന്ന് തെളിയിക്കുവാൻ അവർ വചനത്തിലേക്ക് വിരൽ ചൂണ്ടുന്നു. എന്നാൽ ഇപ്രകാരമൊരു ദൈവ വചനം നമ്മുടെ രക്ഷയുടെ ഉറപ്പായി നമുക്ക് ലഭിക്കുന്നതിന് സഹായിച്ച ദൈവശക്തികളാണ് അവയെന്നും, വേദപുസ്തകത്തിന്റെ അഭാവത്തിൽ അന്നത്തെ ക്രിസ്തീയ നിലനിൽപ് അവയിൽ കൂടി മാത്രമായിരുന്നു എന്നും ഉള്ള സത്യം അവർ പാടെ വിസ്മരിച്ചുപോകുന്നു. ജലസ്നാനം-പരിശുദ്ധാത്മ സ്നാനം; ഇവയിൽ ജലസ്നാനത്താൽ നാം ക്രിസ്തുവിനോടുകൂടി മരിച്ചു; അടക്കപ്പെട്ട്, ഉയിർക്കുന്നു. ഈ അവസ്ഥയിൽ നാം പാപമോചനം പ്രാപിച്ച് രക്ഷിക്കപ്പെടുകയും അതോടുകൂടി പരിശുദ്ധാത്മദാനം ലഭിക്കയും ക്രിസ്തുവിന്റെ സഭ

യിലെ അംഗമായി അംഗീകരിക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ നമുക്കുള്ള വാഗ്ദത്തം പരിശുദ്ധാത്മ സ്നാനമല്ല, പിന്നെയോ പരിശുദ്ധാത്മ ദാനമാണ്. (പ്രവൃത്തി 2:38, റോമർ 8: 23). ഈ കാരണത്താൽ മാത്രമാണ് സ്നാനം ഒന്നേയുള്ളു എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ. 4: 4 6). ഇത് ജലസ്നാനമാണ്. കാരണം ജലസ്നാനം ഏൽക്കാതെ പാപമോചനം ലഭിക്കുന്നില്ലല്ലോ (എഫെസ്യർ. 5:26-27), (റോമർ 6: 3–7) (പ്രവൃത്തി 2: 38, 47). മുതലായ വേദഭാഗങ്ങൾ ആത്മാർത്ഥതയോടെ പരിശോധിച്ചാൽ ഈ സത്യം വെളിവായി കിട്ടും.

ആത്മാവിന്റെ പ്രകാശനം പൊതു പ്രയോജനത്തിനായി നൽകപ്പെട്ടത് എപ്രകാരമാണെന്ന് നമുക്ക് പരിശോധിക്കാം. (1 കൊരി 12: 7) അത് അംശമായി കൊടുത്തിരുന്നു. (1 കൊരിന്ത്യർ. 13:9). എപ്രകാരം? "ഒരുത്തന്നു ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും, മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും. വേറൊരുത്തന്നു അതേ ആത്മാവിനാൽ, വിശ്വാസം, മറ്റൊരുവന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം, മറ്റൊരുവന് പ്രവചനം, മറ്റൊരുവന്, ആത്മാക്കളുടെ വിവേചനം, വേറൊരുവന് പലവിധ ഭാഷകൾ, മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം. (1കൊരിന്ത്യർ 12:8- 11) (1 കൊരിന്ത്യർ 12:28- 31).

ഇവയാണ് ഒന്നാം നൂറ്റാണ്ടിൽ പൂർണ്ണമായ വചനം ലഭിക്കുന്നതു വരെയുള്ള ക്രിസ്തീയ നിലനിൽപ്പിന് സഹായിച്ചത്. അംശമായ ഈ വരങ്ങൾ ഓരോന്നും അതാതിന്റെ ഭാഗം (ഉദ്ദേശം) ശരിയായി നിർവ്വഹിക്കുകയും അതിന്റെ ഫലമായി രക്ഷയുടെ സുവിശേഷം പൂർണ്ണവചനമായി രൂപം പ്രാപിക്കയും ചെയ്തു. ഇപ്രകാരം അത് പൊതു പ്രയോജനത്തിനായി ഉപകരിക്കയും ചെയ്തു (2. തിമൊഥെയൊസ് 3: 16, 17).

പൂർണ്ണമായ വചനം ഇപ്രകാരം രൂപം പ്രാപിച്ചതോടെ അംശമായ വരങ്ങളുടെ ലക്ഷ്യവും അതോടുകൂടി അവസാനിച്ചു (1കൊരി. 13:8-10). ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു നിയമിച്ചിരിക്കയാൽ ഇനിയും നിലനിൽക്കുന്നത് പൂർണ്ണമായ ഈ വചനത്തോടുള്ള അനുസരണവും ദൈവപുത്രനായ യേശുക്രിസ്തുവിൽ നമുക്കുള്ള വിശ്വാസവും, അവൻ വാഗ്ദത്തം ചെയ്തിരിക്കുന്ന നിത്യജീവന്റെ പ്രത്യാശയും, ക്രിസ്ത്യാനികളായ നാം തമ്മിൽ തമ്മിൽ ഉള്ള സ്നേഹവും മാത്രമാണ്. (1 കൊരിന്ത്യർ 13. 13).

ലോകാവസാനത്തിൽ, അഥവാ ക്രിസ്തുവിന്റെ വരവിൽ അംശമായതിന്റേയും പൂർണ്ണമായതിന്റേയും ആവശ്യം ഒരു സത്യ ക്രിസ്ത്യാനിക്ക് ബാധകമാകുന്നില്ല. കാരണം "എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതിവസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ട് കാത്തിരിക്കുന്നു" (2 പത്രോസ്. 3:13). അതിനുള്ള കാരണമോ "അന്ന് ആകാശം കൊടും മുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും" (2. പത്രോസ് 3:10).

ആയതിനാൽ 1കൊരിന്ത്യർ 13: 10ൽ "പൂർണ്ണമായതു" എന്ന് സംബോധന ചെയ്തിരിക്കുന്നത്, ഉല്ലേഖനം ചെയ്യപ്പെട്ട രക്ഷയുടെ വചനത്തെ (നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പുതിയ നിയമത്തെപ്പററിയാണ് (എബ്രായർ 2:4) മർക്കൊസ് 16:20) (2. തിമൊഥെയോസ് 3: 16-17).

ഉദാഹരണമായി നമ്മുടെ ഗവൺമെൻറ് പൊതു പ്രയോജനത്തിനായി ഒരു റോഡു നിർമ്മിക്കുന്നു. ഇതിന്റെ നിർമ്മാണം പൂർണ്ണമാകുന്നതുവരെ വളരെയധികം പണം ചിലവ് ചെയ്യുന്നു. കൂടാതെ യന്ത്രസാമഗ്രികളും, മററു പല ഉപകരണങ്ങളും, ഇതിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നു. നിർമ്മാണം പൂർണ്ണമായശേഷം അത് പൊതു പ്രയോജനത്തിനായി തുറന്നു കൊടുക്കുന്നു എങ്കിലും ആ റോഡിൽ കൂടി സഞ്ചരിക്കുന്ന ജനലക്ഷങ്ങൾ ആ റോഡിന്റെ നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഗവൺമെൻറ് ഇതിന് വേണ്ടി എത്രമാത്രം പണം ചിലവുചെയ്തു, എന്നും ഏതെല്ലാം യന്ത്രസാമഗ്രികളും മററ്, ഉപകരണങ്ങളും ഇതിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ചു എന്നും ചിന്തിക്കുന്നത് ഒരു നീതിയാണ്. അതേസമയം ഈ റോഡിൽ കൂടി സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് ഈ റോഡ് നിർമ്മിക്കാൻ ഗവൺമെൻറ് ചിലവാക്കിയ പണവും, ഉപയോഗിച്ച യന്ത്രസാമഗ്രികളും മററ് ഉപകരണങ്ങളുംകൂടി ഉണ്ടെങ്കിലേ സാധിക്കയുള്ളു എന്ന് ആരെങ്കിലും ചിന്തിക്കുമോ?.

സർവ്വശക്തനായ ദൈവവും അവന്റെ സന്നിധാനമായ സ്വർഗ്ഗത്തിലേക്ക് ഇതാ ഒരു പുതിയ റോഡ് നിർമ്മിച്ച് നമുക്ക് നൽകിയിരിക്കുന്നു. അതിനായി അവനും വളരെ ചിലവു ചെയ്തു. അവന്റെ പുത്രനെ ലോകത്തിന് നൽകി, കുരിശിൽ ബലിയർപ്പിച്ചു. അവനിൽ വിശ്വസിക്കുന്നവർക്ക് നിത്യജീവനും വാഗ്ദത്തം ചെയ്തു. തുടർന്ന് അവന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നൽകിക്കൊണ്ടും, അടയാളങ്ങളാലും അത്ഭുതങ്ങളാ

ലും, വിവിധ വീര്യപ്രവർത്തികളാലും. ഈ രക്ഷയുടെ വചനം ഉറപ്പിച്ച് നമുക്ക് തന്നു. അതാണ് പുതിയ നിയമം. നമ്മുടെ ലക്ഷ്യം പുതിയ നിയമമാകുന്ന ഈ റോഡിൽകൂടി അവന്റെ സന്നിധാനമായ സ്വർഗ്ഗത്തിലേക്ക് മാത്രമാണെങ്കിൽ തീർച്ചയായും നാം അവിടെ എത്തും. (എബ്രായർ 2:2–4).

"എന്നാൽ പ്രിയമുള്ളവരേ നിങ്ങൾ മുമ്പുകൂട്ടി അറിഞ്ഞിരിക്കകൊണ്ട് അധർമ്മികളുടെ വഞ്ചനയിൽ കുടുങ്ങി സ്വന്ത സ്ഥിരത വിട്ട് വീണുപോകാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ."

(2 പത്രൊസ് 3:17-18).

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും" മത്തായി 5:8.

# സഭകളും സഭാദ്ധ്യക്ഷന്മാരും

ജെ. ഫ്രാൻസിസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

2) നാം താഴെ പറയുന്നവയിൽ വിശ്വസിക്കണം.

a) ദൈവത്തിൽ (എബ്രാ: 11:6)
b) ദൈവ പുത്രനായ ക്രിസ്തുവിൽ (യോഹ: 14:1)
c) സുവിശേഷത്തിൽ (മർക്കൊ 1:15; 16:15,16)
d) യേശുവിന്റെ പ്രവർത്തനങ്ങളിലും അത്ഭുതങ്ങളിലും (യോഹ: 10:38; 14;11)

3) വിശ്വാസം മാത്രം ഒരുവനെ രക്ഷപ്പെടുത്തുകയില്ല. താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉണ്ടായിരിക്കണം.

a) പ്രവൃത്തി ഇല്ലാതെ വിശ്വാസം മാത്രം ഉള്ളവരെ രക്ഷപ്പെടുത്തുവാൻ കഴിയുകയില്ല (യാക്കോ: 2:14).

b) പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിർജീവമാകുന്നു. (യാക്കോ: 2:17).

c) വിശ്വാസം മാത്രം രക്ഷപ്പെടുത്തുമെങ്കിൽ പിന്നെ എല്ലാ പിശാചുക്കളും രക്ഷപ്പെടുമായിരുന്നു. എന്തുകൊണ്ടെന്നാൽ അവരും വിശ്വസിക്കുന്നു (യാക്കോ: 2:19). ഇതു ആഗോള രക്ഷയായിരിക്കും.

d) പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമാക്കപ്പെടുന്നു. (യാക്കോ: 2:22)

e) വിശ്വാസത്താൽ മാത്രം നാം നീതീകരിക്കപ്പെടുന്നില്ല. (യാക്കോ: 2:24)

f) ആത്മാവില്ലാത്ത ശരീരം പോലെ പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിർജീവമാകുന്നു. (യാക്കോ: 2:26)

g) ദൈവ പുത്രരാകുന്നതിനു വിശ്വാസം നമുക്കു ശക്തി പ്രദാനം ചെയ്യുന്നു. (യോഹ: 1:12)

h) വിശ്വാസം നീതിക്കുള്ളതാകുന്നു (റോമ: 10:10).

II മനുഷ്യൻ മാനസാന്തരപ്പെടണം. ഇതു മനസ്സിന്റെ മാററമാകുന്നു അല്ലെങ്കിൽ ആത്മാവിനെ നേരായ മാർഗ്ഗത്തിൽ തിരിക്കുന്നതാകുന്നു.

1) ഇതു മാനസാന്തരപ്പെടുകയോ നശിച്ചു പോവുകയോ ചെയ്യാവുന്നതാണ്. (ലൂക്കൊ 13:3).

2) ക്രിസ്തീയ ശുശ്രൂഷയിൽ മാനസാന്തരം ആദ്യത്തെ കൽപ്പനയാകുന്നു. (അ: പ്ര: 2:38)

3) എല്ലാ മനുഷ്യരും മാനസാന്തരപ്പെടണം. (അ: പ്ര: 17:30)

4) ദൈവത്തിന്റെ ദയ മനുഷ്യനെ മാനസാന്തരത്തിലേക്കു നയിക്കുന്നു. (റോമ: 2:4)

5) മാനസാന്തരം ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന ഭാഗമാകുന്നു. (എബ്രാ: 6:1)

6) എല്ലാ മനുഷ്യരും മാനസാന്തരപ്പെടുന്നതിനു ദൈവം ആഗ്രഹിക്കുന്നു. (2 പത്രോ: 3;9)

7) മാനസാന്തരം രക്ഷയിലേക്കു നയിക്കുന്നു. (അ: പ്ര: 11;8)
മാനസാന്തരം എന്നു അർത്ഥമാക്കുന്നതു ചെയ്തുപോയ പാപ

ങ്ങളെ കുറിച്ചു മാനസാന്തരപ്പെടുക മാത്രമല്ല ചെയ്യാതിരുന്ന നല്ല കാര്യങ്ങൾ ചെയ്യാതെ വിട്ടുപോയതിൽ മാനസാന്തരപ്പെടുകയും വീണ്ടും അതു ചെയ്യുകയും വേണം.

അതുകൊണ്ടു ദൈവകൽപ്പനകൾ പഠിച്ചതിൽ അനുസരിക്കാത്തതു ഏതെങ്കിലും ഉണ്ടെന്നു കണ്ടുപിടിച്ചാൽ അവ അനുസരിക്കാത്തതിനുവേണ്ടി മാനസാന്തരപ്പെടുകയും അനുസരിക്കുകയും വേണം.

III മനുഷ്യൻ ക്രിസ്തുവിനെ ഏററുപറയണം

1) ഈ ഏററു പറച്ചിലിനുള്ള കാരണങ്ങൾ താഴെ വിവരിക്കുന്നു.
a) നമ്മുടെ രക്ഷക്കു വേണ്ടി നാം ക്രിസ്തുവിനെ ഏററു പറയുന്നു. (റോമ: 10:10)

b) സുവിശേഷത്തിന്റെ മേന്മക്കായി നാം ക്രിസ്തുവിനെ ഏററു പറയുന്നു: (അ:പ്ര; 8:37) ഈ ഏററു പറച്ചിലിനാൽ നാം സ്നാനത്തിനായുള്ള യഥാർത്ഥ മനുഷ്യനാണെന്നു സുവിശേഷകൻ അറിയുന്നു.

c) ക്രിസ്തു നമ്മെ ഏററു പറയുന്നതിനു നാം അവനെ ഏററു പറയുന്നു. (മത്താ: 10:32)

d) ദൈവത്തിനു മഹത്വമുണ്ടാകുന്നതിനു നാം ക്രിസ്തുവിനെ ഏററു പറയുന്നു. (ഫിലി: 2:11

2) ഏററു പറച്ചിൽ രക്ഷയിലേക്കു നയിക്കുന്നു. (റോമ: 10:10)

IV മനുഷ്യൻ സ്നാനപ്പെട്ടിരിക്കണം.

1) സ്നാനം കൽപ്പിക്കപ്പെട്ടിരിക്കുന്നു. (മത്താ: 28:19,20 മർക്കൊ) 16:15,16; അ: പ്ര: 2:38)
2) സ്നാനം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആകുന്നു. (മത്താ: 28:19)

3) സ്നാനത്തിന്റെ നിർവ്വചനം താഴെ പറയുന്നവയാകുന്നു.
a) യോർദാനിൽ ക്രിസ്തു സ്നാനം ഏററു വെള്ളത്തിൽ നിന്നു കയറിവന്നു. (മർക്കൊ 1:9,10)

b) ക്രിസ്തു സ്നാനത്തെ ജനനമെന്നു വിളിച്ചു (യോഹ: 3:5)
c) വെള്ളത്തിലേക്കു ഇറങ്ങിപോകുന്നതും വെള്ളത്തിൽ നിന്നും കയറിവരുന്നതുമാണു സ്നാനമെന്നു വിളിക്കപ്പെടുന്നു. (അ: പ്ര: 8:36—39)
d) സ്നാനത്തെ കഴുകലായി വിളിക്കപ്പെടുന്നു (അ.പ്ര;22;16)
e) സ്നാനത്തെ അടക്കമായി വിളിക്കപ്പെടുന്നു (റോമ: 6:4)
f) സ്നാനത്തെ ത്യാഗമായി വിളിക്കപ്പെടുന്നു (റോമ: 6:5)

g) സ്നാനത്തെ ഉയർത്തെഴുന്നേല്പായി വിളിക്കപ്പെടുന്നു (കൊലൊ: 2:12).

h) നവീകരിക്കലായി സ്നാനം വിളിക്കപ്പെടുന്നു (തീത്തൊ:3:5)

i) മുക്കുക എന്നതാണു സ്നാനമെന്ന പദം അർത്ഥമാക്കുന്നത്.

4) ഒരു സ്നാനം മാത്രം (എഫെ: 4:5) സ്നാനത്തെ അടക്കമെന്നും നടലെന്നും ഉയർത്തെഴുന്നേല്പെന്നും വിളിച്ചതിനുശേഷം പൗലോസ് പറയുന്നു ഒരു സ്നാനമേ ഉള്ളുവെന്നു.

5) രക്ഷക്കു സ്നാനം ആവശ്യമാകുന്നു (1 പത്രൊ 3:21).

a) വരുവാനിരിക്കുന്ന കോപത്തിൽ നിന്നും ഓടിപോകുന്നതാകുന്നു സ്നാനം (മത്താ 3:7).

b) സകലനീതിയും നിവർത്തിക്കുന്നതാകുന്നു സ്നാനം (മത്താ 3:14,15).

c) സ്നാനത്താൽ സ്വർഗ്ഗം നമുക്കു തുറക്കപ്പെടുന്നു (മത്താ 3:16) സ്നാനത്തിൽ ക്രിസ്തുവിനു സ്വർഗ്ഗം തുറക്കപ്പെട്ടു. ഇതു കാണിക്കുന്നതു സ്വർഗ്ഗം നമുക്കും തുറക്കപ്പെടുമെന്നാണ്.

d) നമ്മെ ദൈവപുത്രന്മാരാക്കുന്നതാകുന്നു സ്നാനം (മത്താ 3:17) യേശു സ്നാനം ഏററതിനുശേഷം അവനെ ദൈവപുത്രനായി അംഗീകരിക്കപ്പെട്ടു. നമ്മെയും ദൈവ പുത്രന്മാരാക്കുന്ന ഒരു ജനനമാകുന്നു സ്നാനം (യോഹ 3:5).

e) ദൈവത്തെ സംതൃപ്തനാക്കുന്നതാകുന്നു സ്നാനം (മത്താ 3:17) ക്രിസ്തു ഇതു അനുസരിച്ചപ്പോൾ ദൈവം അവനിൽ സംതൃപ്തനായി.

f) ദൈവത്തെ നീതീകരിക്കുന്നതാകുന്നു സ്നാനം (ലൂക്കൊ 7:29).

g) ദൈവത്തിന്റെ ആലോചന സ്വീകരിക്കുന്നതാകുന്നു സ്നാനം. (ലൂക്കൊ 7:30).

h) ക്രിസ്തുവിനെ ലോകത്തിനു വെളിപ്പെടുത്തികൊടുക്കുന്നതാകുന്നു സ്നാനം (യോഹ 1:31).

i) പാപങ്ങളുടെ മോചനത്തിനുവേണ്ടിയുള്ളതാകുന്നു സ്നാനം (അ:പ്ര 2:38).

j) പരിശുദ്ധാത്മാവിന്റെ ദാനം സ്വീകരിക്കുന്നതിനുവേണ്ടിയുള്ളതാകുന്നു സ്നാനം. (അ:പ്ര 2:38)

k) ക്രിസ്തുവിന്റെ അടക്കം ഓർമ്മിപ്പിക്കുന്നതാകുന്നു സ്നാനം (റോമ 6:4).

l) ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പു ഓർമ്മിപ്പിക്കുന്നതാണു സ്നാനം (കൊലൊ 2:12).

m) സഭയിലേക്കു പ്രവേശിക്കുന്നതാകുന്നു സ്നാനം (1 കൊരി 12:13).

n) ക്രിസ്തുവിനോടു ചേരുന്നതാകുന്നു സ്നാനം. അതുകൊണ്ട് സഭയിലേക്കും (ഗലാ 3:27)

o) സ്നാനം നമ്മെ വെടിപ്പാക്കി വിശുദ്ധീകരിക്കുന്നു (എഫെ 5:26).

p) നമ്മെ രക്ഷിക്കുന്നതാകുന്നു സ്നാനം (1 പത്രോ 3:21; മർക്കൊ 16:15;16)

q) സ്നാനമില്ലാതെ മനുഷ്യനു രക്ഷപ്പെടുവാൻ കഴിയുമെങ്കിൽ വചനത്തിൽ പറഞ്ഞിട്ടുള്ള വഴികളിലൂടെ അല്ലാതെയും രക്ഷപ്പെടുവാൻ സാധിക്കുമായിരുന്നു. (മർക്കൊ 16;15,16) സ്നാനം കൂടാതെ രക്ഷപ്പെടുവാൻ കഴിയുമെങ്കിൽ രക്ഷകൻ കൂടാതെയും രക്ഷപ്പെടുവാൻ കഴിയുമായിരുന്നു, (ഗലാ 3:27) സ്നാനം കൂടാതെ രക്ഷപ്പെടുവാൻ കഴിയുമെങ്കിൽ വെള്ളത്താലും പരിശുദ്ധാത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിലേക്കു കടപ്പാൻ ആർക്കും കഴിയുകയില്ലായെന്നു യേശു പറഞ്ഞതു കളവാകുന്നു (യോഹ 3:5).

r) രക്ഷിക്കപ്പെട്ട അവസ്ഥയിലേക്കോ രക്ഷകനിലേക്കോ ഉള്ളതാകുന്നു സ്നാനം (ഗലാ 3:27).

V ക്രിസ്തുവിലുള്ള ഓരോരുത്തരും അവനോടുകൂടെ വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു.

1) ക്രിസ്തു മണവാളനാണെന്നു അവൻ പറഞ്ഞു (മർക്കൊ 2:19).

2) ക്രിസ്തുവിനു മണവാട്ടി ഉണ്ടെന്നു യോഹന്നാൻ പറഞ്ഞു. അവൻ മണവാളൻ ആകുന്നുവെന്നും പറഞ്ഞു (യോഹ 3:29)

3) നാം ക്രിസ്തുവിനോടു വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു. (റോമ: 7:4)

4) ഏക പുരുഷനായ ക്രിസ്തുവിനോടു നാം വിവാഹം ചെയ്യപ്പെട്ടിരിക്കുന്നു. (2കൊരി; 11:2)

5) ക്രിസ്തു മണവാളനും സഭ മണവാട്ടിയുമാകുന്നു.
(എഫെ: 5: 23–33)

6) യോഹന്നാൻ ആ വിവാഹ ബന്ധം വിവരിക്കുന്നു.
(വെളി: 19: 7-9; 21:1,2,9)

VI നാം ക്രിസ്തുവിന്റെ നാമം ധരിക്കണം.

1) ആദാമും അവന്റെ ഭാര്യയും അതേ നാമം തന്നെ വഹിച്ചിരുന്നു. (ഉല്പ: 5:2)

2) ആദാം ക്രിസ്തുവിന്റെ പ്രതീകമാകുന്നു.
(റോമ: 5:10; 1കൊരി: 15:45)

3) ആദാമിന്റെ ഭാര്യ ക്രിസ്തുവിന്റെ ഭാര്യയായ സഭയുടെ പ്രതീകമാകുന്നു. ആദാമും അവന്റെ ഭാര്യയും അതേ നാമം ധരിച്ചിരുന്നത് അർത്ഥമാക്കുന്നത് ക്രിസ്തുവും അവന്റെ ഭാര്യയായ സഭയും അതേ നാമം തന്നെ ധരിക്കണമെന്നാണ്.

4) കർത്താവിന്റെ വായിനാൽ നൽകപ്പെടുന്ന പുതിയ നാമം ക്രിസ്തുവിന്റെ സേവകർ ധരിക്കുമെന്നു പ്രവചിച്ചിരുന്നു.
(യെശ: 62:1,2)

5) പ്രവചനം താഴെ പറയുന്ന പ്രകാരം നിവർത്തിക്കപ്പെട്ടു.

a) യെരുശലേമിൽ നിന്നു രക്ഷ പുറപ്പെട്ടു. (അ: പ്ര: 2:1,47; ലൂക്കൊ 24:47)

b) ജാതികൾ അവന്റെ നീതിയെ കണ്ടു. (അ: പ്ര: 10:1–48;11:1)

c) ഈ രണ്ടു കാര്യങ്ങളും സംഭവിച്ചപ്പോൾ പുതിയ നാമം നൽകപ്പെട്ടു. (അ: പ്ര: 11:25,26)

d) C-H–R-I-S-T-I-A-N എന്ന പദത്തിൽ IAN അർത്ഥമാക്കുന്നതു സ്വന്തമായിരിക്കുന്നുവെന്നാണ്.

6) ക്രിസ്തുവിന്റെ അനുഗാമികൾ അവന്റെ നാമം ധരിച്ചിരിക്കുന്നതായി, അഗ്രിപ്പാ രാജാവ് അറിഞ്ഞു. (അ: പ്ര: 26:28)

7) ക്രിസ്ത്യാനിയെന്ന നാമത്തിൽ നാം കഷ്ടം സഹിക്കേണ്ടതാകുന്നുവെന്നു പത്രോസ് പറഞ്ഞു. (1പത്രോ: 4: 16)

8) ഇരു ലോകത്തിലും ക്രിസ്തുവിന്റെ നാമം നാം ധരിക്കുന്നു.
(വെളി: 22:4)

9) മറ്റൊരു നാമത്തിലും രക്ഷ വാഗ്ദാനം ചെയ്യുന്നില്ല.
(അ: പ്ര: 4:12)

VII അപ്പോസ്തലന്മാരുടെ സിദ്ധാന്തങ്ങൾ നാം തുടരേണ്ടതാകുന്നു. (അ: പ്ര: 2:42)

1) സിദ്ധാന്തങ്ങൾ അർത്ഥമാക്കുന്നതു അവരുടെ ഉപദേശങ്ങളാണ്.

2) അപ്പോസ്തലന്മാരുടെ ഉപദേശങ്ങൾ നാം സ്ഥിരമായി തുടരേണ്ടതാകുന്നു. (അ: പ്ര: 2:42)

3) മാനുഷിക കൽപ്പനകൾ അടങ്ങുന്ന ഉപദേശങ്ങൾ നാം പഠിപ്പിക്കുമ്പോൾ ക്രിസ്തുവിനെ വ്യർത്ഥമായി ആരാധിക്കുന്നു. (മത്താ:15:9) മതവിശ്വാസങ്ങൾ, വിശ്വാസത്തിന്റെ ഏററു പറച്ചിൽ, **Book of Discipline** ഇവ ഇതിൽ ഉൾപ്പെടുന്നു.

4; അപ്പോസ്തലന്മാർ പഠിപ്പിച്ച ഉപദേശങ്ങൾക്കു വിപരീതമായി ഇടർച്ച ഉണ്ടാക്കുന്നവരെ തള്ളികളയേണ്ടതാകുന്നു. (റോമ: 16:17)

5) സുവിശേഷകൻ ഉപദേശങ്ങൾ പ്രസംഗിക്കുമ്പോൾ അവനെയും അവനെ ശ്രവിക്കുന്നവരേയും രക്ഷപ്പെടുത്തുവാൻ ഉതകുന്ന രീതിയിലായിരിക്കണം. (1തിമോ: 4:16)

6) എല്ലാ വചനങ്ങളും ദൈവശ്വാസീയമാകയാൽ എല്ലാ ഉപദേശങ്ങളും സൽപ്രവൃത്തിക്കു തികഞ്ഞതാകുന്നു. (2തിമോ: 3:16)

7) സ്നാനം ഉപദേശത്തിന്റെ ഒരു ഭാഗമാകുന്നു. (എബ്രാ: 6:2)

8) വിവിധവും അന്യവുമായ ഉപദേശങ്ങളാൽ ആരും നമ്മെ വലിച്ചുകൊണ്ടു പോകരുത് (എബ്രാ: 13:9).

9) ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ ഉപദേശിക്കുന്ന ഒരുത്തരേയും നമ്മുടെ വീട്ടിൽ കൈക്കൊള്ളുകയോ അവനോടു കുശലം പറയുകയോ അരുത്. (2 യോഹ 9,10).

VIII കൂട്ടായ്മ നാം തുടരേണ്ടതാകുന്നു. (അ: പ്ര 2:42).

1) കൂട്ടായ്മ സ്ഥിരമായി തുടരേണ്ടതാകുന്നു. (അ: പ്ര 2.42).

2) കൂട്ടായ്മ താഴെ പറയുന്ന കാര്യങ്ങളാണു അർത്ഥമാക്കുന്നത്.

a) കൊടുക്കൽ (റോമ: 15:26;2 കൊരി 8:4;9;13: എബ്രാ: 13;16)

b) ക്രിസ്തുവിന്റെ മരണത്തിന്റെ അനുഗ്രഹത്തിൽ കൂട്ടായ്മ ഉണ്ടാകുന്നതിനു (1 കൊരി: 10:16).

c) പരിശുദ്ധാത്മാവിന്റെ ശക്തിയിലും കൂട്ടായ്മയിലും ഭാഗമാക്കുകളാകുന്നതിന് (2 കൊരി; 13;14).

d) ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ ഭാഗഭാക്കുകളാകുന്ന തിന് (ഫിലി:3:10),

e) സുവിശേഷത്തിന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കുകളാകുന്ന തിന് (ഫിലി: 1:5).

f) പിതാവിന്റെയും പുത്രന്റെയും കൂട്ടായ്മയിൽ ഭാഗഭാക്കു കളാകുന്നതിന് (യോഹ: 1:3).

g) കൂട്ടായ്മയുടെ പ്രാഥമിക അർത്ഥം നൽകുക എന്നാകുന്നു (അ.പ്ര 2:44, 45;4:32-35).

h) നാം തുടർച്ചയായി കൊടുക്കേണ്ടതാകുന്നു (1 കൊരി: 16:1,2).

IX) നാം അപ്പം നുറുക്കേണ്ടതാകുന്നു. (അ;പ്ര: 2:42).

1) ആചാര സംഹിത താഴെ പറയുന്നവയാൽ വിളിക്കപ്പെടുന്നു.

a) അപ്പം നുറുക്കൽ (അ:പ്ര: 2:42; 20:7)

d) കൂട്ടായ്മ (1 കൊരി: 10:16).

c) കർത്താവിന്റെ അത്താഴം (1 കൊരി:11:20,21).

2) ആഴ്ചതോറും അപ്പം ഭക്ഷിക്കുന്നത് ആഴ്ചതോറും കർത്താവി ന്റെ അത്താഴത്തിൽ പങ്കെടുക്കുന്നതിന്റെ പ്രതിരൂപമാകുന്നു (ലേവ്യ; 24:5,9; എബ്രാ 10:1; അ:പ്ര:20:7).

3) ആദ്യ സഭ സ്ഥിരമായി അപ്പം നുറുക്കൽ തുടർന്നു കൊണ്ടേ യിരുന്നു (അ:പ്ര: 2;42).

4) ഓരോ ആഴ്ചവട്ടത്തിന്റെയും ആദ്യദിനത്തിൽ ആദ്യസഭ അപ്പം നുറുക്കി (അ:പ്ര: 20:7). ഓരോ ആദ്യ ദിനവും അവർ കഴിവുള്ള തു നൽകി (1 കൊരി: 16:2,3).

5) നാം കൂട്ടായ്മയിൽ (അപ്പം ഭക്ഷിക്കുന്നതിൽ) പങ്കെടുക്കുന്നി ല്ലായെങ്കിൽ നമ്മിൽ ജീവൻ ഉണ്ടായിരിക്കുകയില്ലായെന്നു ക്രിസ്തു പറഞ്ഞു. (യോഹ: 6:53-58).

6) അയോഗ്യമായി അപ്പം ഭക്ഷിക്കുന്നതുമൂലം നമുക്കു അയോഗ്യ തയും രോഗവും ഉണ്ടാകുന്നു (1 കൊരി: 11;30)

7) കൂട്ടായ്മ തുറക്കപ്പെടുകയോ അടക്കപ്പെടുകയോ ചെയ്യുന്നില്ല. കാരണം താഴെ വിവരിക്കുന്നു.

a) ക്രിസ്തു മാത്രമാകുന്നു ന്യായാധിപൻ (യോഹ: 5:22)

b) നാം ആരെയും വിധിക്കാതിരിക്കണമെന്നു ക്രിസ്തു ആജ്ഞാപിക്കുന്നു (മത്താ 7:1).

c) കൂട്ടായ്മക്കു ക്ഷണിക്കുകയോ അയോഗ്യത കല്പിക്കുകയോ ചെയ്യുന്നത് പങ്കെടുക്കുന്നവരെ യോഗ്യരെന്നും അയോഗ്യരെന്നും വിധിക്കുന്നതിനു തുല്യമാകുന്നു.

d) മനുഷ്യൻ സ്വയം ആത്മപരിശോധന ചെയ്യേണ്ടതാകുന്നു (1 കൊരി; 11:28).

8) കൂട്ടായ്മ നമ്മെ ഒന്നാക്കുന്നു (1 കൊരി: 10:161,7).

X) നാം പ്രാർത്ഥിക്കണം (അ:പ്ര: 2;42).

1) പ്രാർത്ഥന നാം സ്ഥിരമായി തുടരേണ്ടതാകുന്നു. അ:പ്ര: 2:42).

2) പ്രാർത്ഥന കല്പിക്കപ്പെട്ടിരിക്കുന്നു (മർക്കൊ: 13:33; ലൂക്കൊ 21;36; റോമ;12;12; 1തെസ്സ: 5:17: 1തിമോ: 2:1;2)

XI നന്മകം നാം വർദ്ധിപ്പിക്കേണ്ടതാകുന്നു. (2പത്രോ: 1:5)

1) ഭൗതികമായി നാം നൻമ ചെയ്യുന്നവരായിരിക്കണം. (മത്താ: 5:26)

2) മാനസികപരമായി നാം നൻമ ചെയ്യുന്നവരായിരിക്കണം. (മത്താ; 5:27,28)

3) ആദ്ധ്യാത്മികമായി നാം നൻമ ചെയ്യുന്നവരായിരിക്കണം. (2 കൊരി: 11:2)

XII നാം അറിവുവർദ്ധിപ്പിക്കുന്നവരായിരിക്കണം. (1പത്രോ:1:5)

1) സഭയിൽ വരുന്നതിനു മുമ്പേ എല്ലാ കാര്യങ്ങളെയും കുറിച്ചു നാം അറിയുന്നതുപോലെ സഭയിൽ വന്നതിനുശേഷം അറിവു വർദ്ധിപ്പിക്കേണ്ടതാകുന്നു.

2) ക്രിസ്ത്യനികം പഠിക്കുന്നത് മൂന്നു കാരണങ്ങളാലാണ്.

a) ദൈവത്തിന്റെ അംഗീകാരം ഉണ്ടാകുന്നതിന് (2 തിമോ: 2:15)

b) ലജ്ജിക്കപ്പെടാതിരിക്കുന്നതിന് (2തിമോ: 2:15)

c) സത്യവചനം പ്രസംഗിച്ചു ദൈവത്തിനു കൊള്ളാവുന്നവനായി തീരുന്നതിന്. (2തിമോ: 2:15)

(തുടരും)

(9–ാം പേജിന്റെ തുടർച്ച)

നിലനില്ക്കും. തെറ്റായ അടിസ്ഥാനത്തിന്മേൽ വീടു പണിയുന്ന മനുഷ്യൻ ബുദ്ധിഹീനനാണ്. അതിന്റെയും കാരണം വ്യക്തമാക്കുന്നു. അതു നിലനില്ക്കുകയില്ല. ശരിയായ മാർഗ്ഗനിർദ്ദേശം പുതിയനിയമമാണ്. അതിൽ പറഞ്ഞിട്ടില്ലാത്ത ഏതൊന്നും തെറ്റായ മാർഗ്ഗമാണ്. നിങ്ങളുടെ ആത്മാവ് നിങ്ങളുടേതല്ല; നിങ്ങളുടെ ശരീരവും നിങ്ങളുടേതല്ല. ഇവ രണ്ടും നശിപ്പിക്കുന്നതു കുറ്റകരമാണ്. തെറ്റു ചെയ്യുന്നില്ല; എനിക്ക് ഇതൊന്നും ആവശ്യമില്ല എന്ന് ആർക്കെങ്കിലും തോന്നിയാൽ അതു ന്യായീകരിക്കാവുന്നതല്ല. കാരണം എല്ലാവരും ഒന്നിൽ അല്ലെങ്കിൽ മറ്റൊന്നിൽ തെറ്റിപ്പോകും. നിങ്ങൾ പുതിയ നിയമത്തിൽ പറഞ്ഞിട്ടുള്ള രക്ഷാമാർഗ്ഗം ഉറപ്പുവരുത്തി അതിൽ മരണപര്യന്തം ജീവിക്കുക. അങ്ങനെ പാപത്തിന്റെ കഠോര ശിക്ഷയിൽ നിന്നും ഒഴിവാക്കുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# യേശുവിന്റെ സാന്നിദ്ധ്യത്തിൽ കൂടിയുള്ള സമാധാനം.

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

“ആദ്യം രാജ്യവും നീതിയും അന്വേഷിക്കുക. എന്നാൽ സകലതും നിങ്ങൾക്കു കിട്ടും” എന്നു യേശുക്രിസ്തു പറഞ്ഞതു് ഇതേ അർത്ഥത്തിലാണ്. വിചാരപ്പെടുന്നതിനെക്കുറിച്ച് അപ്പോസ്തലനായ പൗലൂസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. “ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാററിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടത്” (ഫിലിപ്പ്യർ4:6,7) നിങ്ങളുടെ ഏററവും പ്രിയപ്പെട്ട ആർക്കെങ്കിലും അസുഖം വരുമ്പോൾ ഡോക്ടറുടെ അടുക്കൽ കൊണ്ടുപോയി നോക്കിക്കുമ്പോൾ എത്ര മാത്രം വിശ്വാസം നിങ്ങൾ ഒരു സാധാരണ മനുഷ്യനിൽ അർപ്പിക്കുന്നുണ്ട് എന്നു നിങ്ങൾ ചിന്തിക്കുന്നുണ്ടോ? ഉദാഹരണമായി

നിങ്ങൾ സ്നേഹിക്കുന്ന മക്കളെ അല്ലെങ്കിൽ ഭർത്താവിനെ അല്ലെങ്കിൽ ഭാര്യയെപരിശോധിച്ചതിനുശേഷം ഓപ്പറേഷനോ മറ്റോ വേണ്ടിവരികയാണെങ്കിൽ പ്രയാസത്തോടെ എങ്കിലും നിങ്ങൾ അതിനു സമ്മതിക്കുന്നത് എത്രമാത്രം ഒരു മനുഷ്യനിൽ വിശ്വാസം അർപ്പിച്ചുകൊണ്ടാണ് എന്നുള്ളത് ചിന്തിച്ചുനോക്കുക. ഇത്രമാത്രം വിശ്വാസം ബലഹീനനായ ഒരു മനുഷ്യനിൽ നമുക്ക് അർപ്പിക്കാമെങ്കിൽ നമ്മുടെ സൃഷ്ടാവായ നമ്മുടെ എല്ലാം അറിയുന്ന നമ്മെ നിത്യതയിൽ ന്യായം വിധിക്കുന്ന സർവ്വ ശക്തനായ ദൈവത്തിൽ എത്രമാത്രം വിശ്വാസം അർപ്പിക്കണം! ഇന്നു് അനേകർ തങ്ങളുടെ നിത്യതയിൽ ദൈവത്തെ വിശ്വസിക്കുവാൻ സന്നദ്ധരാണ്. എങ്കിലും താൽക്കാലികമായ നൈമിഷികമായ ഈ ലോക ജീവിതത്തിൽ ദൈവത്തെ തികച്ചും അവിശ്വസിക്കുന്ന രീതിയിലാണ് ഇവർ ഓരോരുത്തരും പ്രവർത്തിക്കുന്നത്. കാരണം യേശുവിൽ സമാധാനം കണ്ടെത്തിയ ഒരുവന് തന്റെ അനുദിന ആവശ്യങ്ങളെക്കുറിച്ചുള്ള വിചാരപ്പെടലിൽ നിന്ന് മുക്തിനേടേണ്ടതാണ്.

ആകാശത്തിലെ പറവകളെയും വയലിലെ പൂക്കളെയും താരതമ്യപ്പെടുത്തി-അവയെ പോഷിപ്പിക്കുന്ന ദൈവം എത്രയോ അധികമായി തന്റെ മക്കളെപരിപാലിക്കുമെന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. ക്രിസ്തുവിലുള്ള സുരക്ഷിതത്വം പണം കൊണ്ടു വാങ്ങാവുന്നതല്ല. പാപത്തിൽ നിന്നും കുററബോധത്തിൽ നിന്നും ഉള്ള മോചനം, അനുദിനആവശ്യങ്ങൾക്കായിദൈവം ചെയ്യുന്ന കരുതൽ, ദുഷ്ടതയെ അതിജീവിക്കുവാനുള്ള ഉറപ്പ്, അവന്റെ നാമത്തിൽ ആത്മാവിന്റെശക്തിയാൽ നേടാവുന്ന കാര്യങ്ങൾ, യേശുക്രിസ്തു നമുക്കായി ഒരുക്കുന്ന സ്വർഗ്ഗീയ വാസസ്ഥലങ്ങൾ, ഇവയൊന്നും തന്നെ കാശുകൊടുത്താൽകിട്ടുന്നതല്ല. വിചാരപ്പെടുന്ന സ്വഭാവം നിർത്തി സത്യവും ശ്രേഷ്ടവും നീതിയും നിർമ്മലവും രമ്യവും സൽഗുണവും പുകഴ്ചയും ആയിട്ടുള്ള കാര്യങ്ങളിൽ മാത്രം മനസ്സിനെ വ്യാപരിപ്പിച്ച്, ഉള്ളതിലും ഇല്ലായ്മയിലും ഒരു പോലെ അലംഭാവത്തോടെഅഥവാ തൃപ്തിയോടെ ജീവിക്കുന്ന ഒരു വ്യക്തിയാണ് യേശുവിനെ കർത്താവായി അംഗീകരിച്ച- യേശുക്രിസ്തുവിന്റെ സാമീപ്യത്തിൽ കൂടി സമാധാനം കണ്ടെത്തിയ-ഒരു വ്യക്തി. ആ സന്തോഷവും സമാധാനവും കിട്ടുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?.

# കുടുംബ പ്രശ്നങ്ങൾ

എന്റെ മാതാപിതാക്കൾ എന്നെ അകാരണമായി ശിക്ഷിച്ചിട്ടില്ല. സ്നേഹവും വാത്സല്യവും അനുഭവിച്ച് ജീവിച്ച ഒരു പെൺകുട്ടിയായിരുന്നു ഞാൻ. വിവാഹം വീട്ടുകാരുടെ നിർബ്ബന്ധത്തിനു വഴങ്ങി നടത്തപ്പെട്ടു. എന്റെ അഭിപ്രായം ആരും കണക്കിലെടുത്തില്ല. അതിൽ അന്നെനിക്ക് വലിയ കുണ്ഠിതമൊന്നും തോന്നിയില്ല. എന്റെ ഭർത്താവ് വിവാഹത്തിനുമുൻപ് നല്ലവനായിരുന്നു എന്നാണ് അദ്ദേഹത്തിന്റെ മാതാപിതാക്കളും ബന്ധുക്കളും അവകാശപ്പെടുന്നത്. വല്ലപ്പോഴുമൊക്കെ അല്പം കുടിക്കുമായിരുന്നു എന്നതൊഴിച്ചാൽ മററു യാതൊരു ദുസ്സ്വഭാവങ്ങളും ഇല്ലെന്നായിരുന്നു അവരുടെ പക്ഷം. വിവാഹനാൾതൊട്ട് ഇന്നുവരെ ഒരു മദ്യപാനിയുടെ കൂടെ ജീവിക്കുവാൻ ഹോമിക്കപ്പെട്ട ഒരു സ്ത്രീയാണ് ഈ കത്തെഴുതുന്നത്. നിസ്സാരകുററങ്ങൾ പെരുപ്പിച്ച് വലിയ വിപത്താക്കി മാററുന്ന ഒരു സ്വഭാവമാണ് അദ്ദേഹത്തിന്റേത്. അദ്ദേഹം വന്ന് കതകിൽ ഒന്നു തട്ടുമ്പോഴേക്കും തുറന്നിരിക്കണം. അല്ലെങ്കിൽ അതൊരു പ്രശ്നമാകുന്നു. ഇനി കതകു തുറന്നിട്ടിരിക്കുകയാണെന്നു കരുതുക. അതും ഒരു അപരാധമായി കണക്കാക്കും. ഞങ്ങൾക്കു രണ്ടു കുട്ടികളാണുള്ളത്. അവർ കളിച്ച് നടന്ന് ഒരു പക്ഷേ, ഉറങ്ങുവാൻ താമസിച്ചാൽ, ആഹാരം കഴിക്കാൻ താമസിച്ചാൽ എല്ലാം അദ്ദേഹത്തിന്റെ കണ്ണിൽ കുററമാണ്.

പതിന്നാലുവർഷത്തെ ദാമ്പത്യജീവിതത്തിൽ മർദ്ദനമല്ലാതെ സ്നേഹം എനിക്കു കിട്ടിയിട്ടില്ല. ഭർത്താവിന്റെ മാതാപിതാക്കളോ ബന്ധുക്കളോ അദ്ദേഹത്തെ ഉപദേശിക്കയോ ശകാരിക്കയോ ചെയ്തതായി എനിക്കറിവില്ല. അവർ എന്നെ പഴിക്കുന്നതായി എന്റെ ചെവിയിൽ കേട്ടിട്ടുണ്ട്. എന്റെ ഇഷ്ടപ്രകാരം നടക്കാത്ത വിവാഹമായിരുന്നതുകൊണ്ട് ഞാൻ ആദ്യമൊക്കെ അല്പം അകലുവാൻ ഭാവിച്ചിരുന്നു എന്നൊരുകുററം എന്നിലുണ്ടാകാം. പലപ്പോഴും ഞാൻ ആത്മഹത്യ ചെയ്യാൻ ഒരുമ്പെട്ടിട്ടുണ്ട്. പക്ഷേ ഈ രണ്ടു കുട്ടികളുടെ കാര്യം ഓർക്കുമ്പോഴാണ് വിഷമം. ദൈവമല്ലാതെ എന്നെ ഈ കാര്യത്തിൽ സഹായിക്കാൻ മററാരുമില്ല. ഇതിനുള്ള ഒരു പരിഹാരത്തിനായി ഞാൻ കാത്തിരിക്കുന്നു.

എന്ന്

ദുഃഖിതയായ ഒരു സ്ത്രീ

## പരിഹാരം

മാതാപിതാക്കൾ നിർബ്ബന്ധിച്ച് വിവാഹം ചെയ്യിച്ചതുകൊണ്ട് ഇങ്ങനെ ഒരവസ്ഥ വന്നു എന്നു കരുതുന്നത് ശരിയല്ല. കാരണം ഭൂരിഭാഗം മാതാപിതാക്കളും തങ്ങളുടെ കുട്ടികൾ ദുരിതം അനുഭവിക്കണം എന്ന് വിചാരിച്ച് അവരെക്കൊണ്ട് ഒരു പ്രവൃത്തിയും ചെയ്യിക്കുന്നവരല്ല. വിവാഹത്തിനുമുൻപും മദ്യപിക്കാറുണ്ടായിരുന്നതിനാൽ മദ്യപാനം ഈ വിവാഹവുമായി ബന്ധപ്പെട്ടതല്ല. അദ്ദേഹത്തെ കീഴ്പ്പെടുത്തിയതായ മറ്റേതോ സംഭവമായിരിക്കും. ഭർത്താവിന്റെ സ്വഭാവദൂഷ്യത്തിന് പൂർണമായും ഒരു അന്യ പെൺകുട്ടിയിൽ കുറ്റം ചുമത്തുന്നതു നല്ല മാതാപിതാക്കളുടെ ലക്ഷണമല്ല.

ഇവിടെ മദ്യപിക്കുന്ന ഭർത്താവും നിർദ്ദോഷി എന്ന് അവകാശപ്പെടുന്ന ഭാര്യയുമാണ്. രണ്ടുപേരുടേയും ജോലിയോ കുടുംബപശ്ചാത്തലമോ ഒന്നും അറിയാതെ എന്തെങ്കിലും ഒരു തീർപ്പ് ഇവിടെ അസാദ്ധ്യമാണ്. പക്ഷേ വിട്ടുവീഴ്ച രണ്ടുപേർക്കും ആവശ്യമാണ്. ഭർത്താവിന്റെ സ്വഭാവം മനസിലാക്കി അതനുസരിച്ച് പ്രവർത്തിക്കത്തക്ക മാനസികമായ അടുപ്പം നിബന്ധനകൾ കൂടാതെ ഉണ്ടാക്കിയെടുക്കണം. ഭർത്താവിന്റെ ഹിതത്തിന് തന്റെ ഇഷ്ടത്തേക്കാൾ പ്രാധാന്യം കല്പിക്കുക. സ്നേഹമാണ് ഉപദേശത്തേക്കാളോ ശാസനയെക്കാളോ അധികം ഫലിക്കുന്ന ചികിത്സ. നിങ്ങളുടെ സ്നേഹം ഹൃദയത്തിൽ നിന്നായിരിക്കണം വരേണ്ടത്. വാക്കുകൾകൊണ്ട് വ്രണപ്പെടുത്തുന്ന ഭാര്യമാരുണ്ട്. ആ സ്വഭാവം നിങ്ങളിൽ ഉണ്ടാകരുത്. ആത്മഹത്യ ഒരു പ്രശ്നത്തിന്റെയും പരിഹാരമല്ല. ഭർത്താവിന്റെ ആവശ്യങ്ങൾ അറിഞ്ഞു നിറവേറ്റുവാൻ എപ്പോഴും ഒരുങ്ങിയിരിക്കുക. കുട്ടികളെ പരിചരിക്കുന്നതിനിടയിൽ ഭർത്താവിന്റെ കാര്യങ്ങൾ ശ്രദ്ധിക്കാൻ മറക്കുകയുമരുത്. ക്ഷമയും സഹനശക്തിയും പ്രവർത്തിയോടുകൂടിയ സ്നേഹവും നൽകുക. തിരിച്ച് നിങ്ങൾക്കു കിട്ടുന്നതു എന്തെന്ന് അനുഭവിക്കുക. സർവ്വശക്തനായ ദൈവത്തോടു നിരന്തരമായി പ്രാർത്ഥിക്കുക; ദൈവകല്പനയനുസരിച്ച് നിങ്ങൾ രണ്ടുപേരും യഥാർത്ഥ ക്രിസ്ത്യാനികളായിത്തീരുക. അദ്ദേഹം മദ്യത്തിനുപകരം മായമില്ലാത്ത വചനമാകുന്ന പാൽ കുടിക്കട്ടെ. മർദ്ദനത്തിനുപകരം നിങ്ങൾ സ്നേഹവും സന്തോഷവും സമാധാനവും ലഭിക്കുന്ന ഒരു യഥാർത്ഥ ദൈവമക്കളായിത്തീരട്ടെ. ദൈവം നിങ്ങളെയും നിങ്ങളുടെ കുഞ്ഞുങ്ങളെയും അനുഗ്രഹിക്കട്ടെ.

(6–ാം പേജിന്റെ തുടർച്ച)

ണ്ണമായ ദൈവത്തിന്റെ വചനമാണ് (2തിമൊഥെയോസ് 3: 16,17).

ഏതു രാജ്യത്തിലായാലും ആശയമോ രാഷ്ട്രീയമോ എന്തു തന്നെയായാലും മത സ്വാതന്ത്ര്യമുണ്ടെങ്കിൽ അവിടെ ക്രിസ്തുവിന്റെ സഭക്കു നിലനിൽക്കുവാൻ കഴിയും. ക്രിസ്തുവിന്റെ സഭയെ സ്വാഗതം ചെയ്യാത്ത സ്ഥലത്തും മത സ്വാതന്ത്ര്യമില്ലാത്ത സ്ഥലത്തും ഇപ്പോഴും ക്രിസ്തുവിന്റെ സഭയുണ്ട്. എന്നാൽ മത സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുന്നവരും എല്ലാ മനുഷ്യരോടും സമാധാനത്തിൽ വർത്തിക്കുവാൻ ആഗ്രഹിച്ച് ശ്രമിക്കുന്ന ഒരു കൂട്ടം ആളുകളാണ് അതിൽ ഉൾപ്പെടുന്നത്. അതിലെ അംഗങ്ങൾ രാഷ്ട്രീയമായി സമൂലമാററം വരുത്തുവാൻ ആഗ്രഹിക്കുന്നവരോ, മതഭ്രാന്തൻമാരോ, വിപ്ളവക്കാരോ അല്ല. തങ്ങൾക്കു തന്നെ ഒരു പ്രമാണമായി തീരത്തക്കവണ്ണം മററുള്ളവരിൽ നിന്നും വേർപാട് കാംക്ഷിക്കുന്നവരുമല്ല അവർ. മറിച്ച് അവർ ജനമദ്ധ്യേ വസിച്ച്, മതപരമായതും അല്ലാത്തതുമായ എല്ലാ പശ്ചാത്തലത്തിലുമുള്ളവരോടും വാക്കിനാലും ക്രിയയാലും ക്രിസ്തുവിന്റെ സുവിശേഷം അറിയിക്കുന്നതിനുൽസുകരായിരിക്കും. അങ്ങനെ തങ്ങളുടെ സ്നേഹിതരോടും അയൽക്കാരോടും ദൈവ വചനം പറയുന്നതിന് അവസരവും ഒരുക്കുന്നു. നിർബ്ബന്ധത്താലോ ശക്തിയാലോ സ്വാധീനത്താലോ ആരെയും ക്രിസ്ത്യാനിയാക്കി മാററുക എന്നതിലല്ല അവരുടെ ലക്ഷ്യം. പഠിപ്പിക്കുക എന്നതാണ് അവരുടെ കടമ. അനുസരിക്കുകയോ അനുസരിക്കാതിരിക്കുകയോ എന്ന തീരുമാനം തികച്ചും കേൾക്കുന്ന വ്യക്തിയിൽ ആണ്. സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാനുള്ള അവസരമാണ് ദൈവം എല്ലാ മനുഷ്യർക്കും കൊടുത്തിട്ടുള്ളത്.

ക്രിസ്ത്യാനികൾ സത്യസന്ധരും നല്ലവരും ആയിരിക്കണമെന്ന് ബൈബിൾ നിഷ്കർഷിക്കുന്നു. കടം വാങ്ങിയാൽ അത് തിരിച്ചു നൽകുന്നവരായിരിക്കണം. പവിത്രവും കളങ്കരഹിതവുമായ ജീവിതമാണ് അവർ നയിക്കേണ്ടത്. കുടുംബത്തിന്റെ അഹോവൃത്തിക്കായി അദ്ധ്വാനിക്കുന്നവരാണ് അവർ. എല്ലാവരുമായി സമാധാനത്തിൽ ജീവിക്കേണ്ടതിന്നു പരസ്പരം സ്നേഹിക്കുന്നവരുമായിരിക്കണം. നല്ല പൗരൻമാരായി രാജ്യത്തിന്റെ ചട്ടങ്ങൾക്കനുസരിച്ച് നികുതി കൊടുക്കുന്നവരും ആയിരിക്കണം.

(റോമർ 12; എഫേസ്യർ 4).

യെഹൂദമതത്തിലെ ഒരു വിഭാഗമായ പരീശൻമാർ നികുതികൊടുക്കുന്നതിനെ സംബന്ധിച്ച ചോദ്യവുമായി യേശുവിനെ സമീപിക്കുകയുണ്ടായി, വിവരണം ഇപ്രകാരമാണ്, അനന്തരം പരീശൻമാർ ചെന്നു അവനെ വാക്കിൽ കുടുക്കേണ്ടതിനു ആലോചിച്ചുകൊണ്ടു

തങ്ങളുടെ ശിഷ്യന്മാരെ ഹെരോദ്യരോടു കൂടെ അവന്റെ അടുക്കൽ അയച്ചു, ഗുരോ, നീ സത്യവാനും ദൈവത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവൻ ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്നു ഞങ്ങൾ അറിയുന്നു. നിനക്കു എന്തു തോന്നുന്നു? കൈസർക്കു കരം കൊടുക്കുന്നതു വിഹിതമോ അല്ലയോ എന്നു പറഞ്ഞുതരേണം എന്നു പറയിച്ചു. യേശു അവരുടെ ദുഷ്ടത അറിഞ്ഞു. കപടഭക്തിക്കാരേ, എന്നെ പരീക്ഷിക്കുന്നതു എന്തു്? കരത്തിനുള്ള നാണയം കാണിപ്പിൻ എന്നു പറഞ്ഞു. അവർ അവന്റെ അടുക്കൽ ഒരു വെള്ളിക്കാശു കൊണ്ടുവന്നു. അവൻ അവരോടു; ഈ സ്വരൂപവും മേലെഴുത്തും ആരുടേതു് എന്നു ചോദിച്ചതിനു കൈസരുടേതു എന്നു അവൻ പറഞ്ഞു. എന്നാൽ കൈസർക്കുള്ളതു കൈസർക്കും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുപ്പിൻ എന്നു അവൻ അവരോടു പറഞ്ഞു. അവർ കേട്ടു ആശ്ചര്യപ്പെട്ടു പൊയ്ക്കളഞ്ഞു (മത്തായി 22:15–23).

റോമയിലുള്ള ക്രിസ്ത്യാനികൾക്കു പൗലോസ് എഴുതുമ്പോൾ; ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവുമില്ലല്ലോ, ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല ദുഷ്പ്രവൃത്തിക്കത്രെ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മചെയ്ക: എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിന്റെ നന്മക്കായിട്ടല്ലോ അവൻ ദൈവ ശുശ്രൂഷക്കാരനായിരിക്കുന്നതു. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെ അല്ല അവൻ വാൾ വഹിക്കുന്നതു; അവൻ ദോഷം പ്രവൃത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ അതുകൊണ്ടു നിങ്ങൾ നികുതിയും കൊടുക്കുന്നു. അവർ ദൈവ ശുശ്രൂഷകന്മാരും ആ കാര്യം തന്നെ നോക്കുന്നവരും ആകുന്നു. എല്ലാവർക്കും കടമയുള്ളതു കൊടുപ്പിൻ; നികുതി കൊടുക്കേണ്ടവനു നികുതി; ചുങ്കം കൊടുക്കേണ്ടവനു ചുങ്കം; ഭയം കാണിക്കേണ്ടവനു ഭയം; മാനം കാണിക്കേണ്ടവനു മാനം എന്നു പറഞ്ഞിരിക്കുന്നു (റോമർ 13:1–7). രാജ്യത്തിലെ നിയമങ്ങൾ അനുസരിക്കുന്ന പൗരന്മാർക്കു ഭയപ്പെടേണ്ടതില്ല. അധികാരത്തിലിരിക്കുന്നവർ തങ്ങളുടെ സ്ഥാനം ശരിയായി ഉപയോഗിച്ചാൽ അതു ദൈവത്തെ സേവിക്കുകയാണ്.

യുവാവും ഉപദേഷ്ടാവുമായിരുന്ന തിമൊഥെയൊസിനോടു പൗലോസ് പറഞ്ഞത്, എന്നാൽ സകല മനുഷ്യർക്കും നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥത

യുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പേ പ്രബോധിപ്പിക്കുന്നു (1 തിമൊഥെയോസ് 2:1-2). സഹോദരവർഗ്ഗത്തെ സ്നേഹിപ്പിൻ; ദൈവത്തെ ഭയപ്പെടുവിൻ രാജാവിനെ ബഹുമാനിപ്പിൻ (1 പത്രൊസ് 2;17).

ഒരു ഗവൺമെൻറിനോ രാഷ്ട്രീയക്കാരനോ അതുകൊണ്ട് ക്രിസ്തുവിൻെറ സഭയെ ഒരുതരത്തിലും ഭയക്കേണ്ട ആവശ്യമില്ല. അവർ രാഷ്ട്രീയക്കാരല്ല; എന്നാൽ ആത്മീയരാണ്; അവർ ചട്ടങ്ങളെ എതിർക്കുന്നവരല്ല. അതിനെ ആദരവോടെ അനുസരിക്കുന്നവരാണ്. അവർ സമൂഹത്തിലെ നല്ല പൗരന്മാരായി ഏതു രാജ്യത്തിലും ജീവിക്കുന്നു. മതപരമായി തെററു പ്രവർത്തിക്കുന്നവർ ഒരുപക്ഷേ അവരെ കുററം ആരോപിച്ചെന്നുവരാം.

അവർ രാഷ്ട്രീയക്കാരല്ലെന്നുമാത്രമല്ല; രാഷ്ട്രീയസ്ഥാന ലബ്ധിയെ ആഗ്രഹിക്കുന്നവരുമല്ല. രാഷ്ട്രീയ ശക്തിയായിതീരണമെന്ന് അവർ ആഗ്രഹിക്കുകയില്ല. അതൊരു ദൗർബല്യമായികണക്കാക്കരുത്. ശക്തമായ ക്രിസ്തീയ ജീവിതത്തിൻെറ ലക്ഷ്യം ഭൗതികമല്ല. ദൈവഹിതത്തിനു വിപരീതമായി ഏതൊരു മനുഷ്യനായാലും പറഞ്ഞാൽ അവർ അതു ചെയ്യുകയില്ല എന്നതും പ്രത്യേകതയാണ്. ആത്മീയരാജ്യത്തിലെ പ്രജകൾ തങ്ങളുടെ പിതാവായ ദൈവത്തിനും അവരുടെ യജമാനനായ കർത്താവിനും കീഴ്പ്പെട്ടിരിക്കുന്നതു വലിയൊരു ശക്തിതന്നെയാണ്. അവരുടെ ജീവിതത്തിൽ മറെറന്തിനെക്കാളും ദൈവത്തിനും അവൻെറ രാജ്യത്തിനും മുൻഗണന കൊടുക്കും (മത്തായി 6:33). കലഹപ്രിയരല്ലാത്ത ഇവർ മനുഷ്യരെയല്ല, ദൈവത്തെയാണു അനുസരിക്കുന്നതു (പ്രവൃത്തി 5:29). എവിടെയുള്ളവരായാലും അവർ ഉൾക്കൊള്ളുന്ന രാജ്യത്തിനും സമൂഹത്തിനും ഒരു പ്രശ്നവും വരുത്താതെ മററുള്ളവർക്കു പ്രയോജനപ്രദമായ ജീവിതം നയിക്കുന്നവരെ ഒരു ഗവൺമെൻേറാ രാഷ്ട്രീയ പാർട്ടിയോ വെറുക്കാൻ ഇടയില്ല. യഥാർത്ഥ ക്രിസ്ത്യാനികളായി നിങ്ങൾ ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതു അത്യുത്തമം.

# രാക്ഷസൻ

സാം ജോസ്

കുടിക്കുന്നു വീണ്ടും കുടിക്കുന്നു
ചുമ്മാതെ പാടിയും പിറുപിറുത്തും
തിരിച്ചെത്തുന്ന രാത്രിയിൽ
രാക്ഷസരൂപംപോലെ
മദ്യലഹരിയിൽ
സമനിലതെററുമ്പോൾ
ചിലർ തല്ലിക്കൊല്ലുന്നു-
തല്ലിയുടയ്ക്കുന്നു
മദയാനയെപ്പോൽ.
എത്രയോ കുടുംബങ്ങൾ നശിക്കുന്നു
മദ്യരാക്ഷസൻ കൈകളിൽ
പിടയുന്നു നിത്യവും
പൊടുന്നനെ ഒരു ഭാര്യതൻ
ആർത്തനാദം
നടുങ്ങിഞാൻ
വീണിതാ കിടക്കുന്നു ഭാര്യ
ക്രൂരനാം ഭർത്താവിൻ
അടിയേററു പിടയുന്നു
കുട്ടികൾ ഓടുന്നു നാലുപാടും
അറിവില്ലാ പൈതങ്ങൾ എന്തു ചെയ്യും
ഹാ! മദ്യമേ നിൻമുഖമെത്ര
ശോഭിച്ചിരിക്കുന്നോരു
രാക്ഷസൻപോൽ.

□

YOUR ATTENTION PLEASE !

# Radio Srilanka Broadcasts

ENGLISH—*The Voice of Truth*—Speakers: Reggie Gnanasundaram and J. C Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays— 9 : 00 to 9 : 15 P M.
Fridays— 7 : 45 to 8 : 00 P M.

HINDI—*Satya Susamachar*—Speaker : Sunny David.

All correspondence should be sent to Satya-Susamachar, Post Box 3815, New Delhi-110049.
Tuesdays— 9 : 00 to 9 : 15 P,M.
Thursdays— 9 : 00 to 9 : 15 P.M.
Fridays — 9 : 00 to 9 : 15 P.M.
Sundays— 12 : 45 to 1 : 00 P.M.

TELUGU—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 60, Kakinada-533001.
Sundays— 2 : 30 to 2 : 45 P.M.
Tuesdays— 2 : 30 to 2 : 45 P M.
Thursdays - 2 : 30 to 2 : 45 P.M.
Fridays— 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

TAMIL—*"The Way of Truth"*—Speaker : P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore - 560084.
Tuesdays— 5 : 30 to 5 : 45 P.M.
Thursdays— 6 : 45 to 7 : 00 P.M.
Sundays— 6 : 45 to 7 : 00 P.M.

MALAYALAM—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ Trivandrum-34, Kerala.
Tuesdays & Fridays— 3 : 45 to 4 : 00 P.M.

KANNADA—The Voice of truth-Speaker Robert Rathnakar-Box. 448, Bangalore-560004
Sundays 1:45 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Prinetd and Published by P. K. Varghese Church of Christ Tvm: Printed at P.P Press, for Santhosh Printers Trivandrum.

Reg: No. K. Dis. 90095/ 86/ A8,        Regd. No KL/TV (N) 22

# സുവിശേഷയോഗങ്ങൾ

**1990 ജൂൺ 25 തിങ്കൾ മുതൽ 29 വെള്ളി വരെ**
**വൈകുന്നേരം 7 മണിക്ക്**

**ദൈവം തന്റെ മക്കളിൽ നിന്നും**
**എന്തു പ്രതീക്ഷിക്കുന്നു ?**

വരൂ...കുടുംബസമേതം സുഹൃത്തുക്കളേയും ക്ഷണിക്കൂ.
ദൈവവചനത്തിൽ പ്രാഗത്ഭ്യം ലഭിച്ചവർ സംസാരിക്കുന്നു.
സ്ഥലം– **ചർച്ച് ഓഫ് ക്രൈസ്റ്റ് ബിൽഡിങ്ങ്**
പാളയം സംസ്കൃത കോളേജിനു പിൻവശം
തിരുവനന്തപുരം

ഏവർക്കും സ്വാഗതം

---

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

---


From
**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Trivandrum–695034


To